# മലങ്കരക്രിസ്ത്യൻ

(മാസിക)

പുസ്തകം 1 ★ 1950 മേയ് ★ ലക്കം 8

## സത്യം

"സത്യം ആവശ്യമുള്ളതാണെന്നു കരുതുന്നവർ വളരെ കുറവാണ്; അതിലും കുറവാണ് അതു് ഇന്നതാണെന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നവർ; പ്രായോഗികജീവിതത്തിൽ അതിനെ പിൻതുടരാൻ ശ്രമിക്കുന്നവരോ, അതിലും എത്രയോ കുറവ്. ഇതു് ആരുടേയും കുററമല്ല. മസ്തിഷ്കത്തിൻെറ ശക്തിക്കുറവാണ് ഇതിനൊക്കെ കാരണം."

—വിവേകനന്ദൻ

"ഞാൻ സത്യമാകുന്നു" യേശുക്രിസ്തു.

വരിസംഖ്യ 3 രൂപ. ★ ഒററപ്രതി. 4ണ.

# പുസ്തകാഭിപ്രായം

1

"യാക്കോബായ സുറിയാനി പെരുന്നാൾ പഞ്ചാംഗം" 1950—1952.

പ്രസാധകൻ, കെ. എ. ജേക്കബ്, കുമരകം
മോഡേൺ ബുക്കസ്റ്റോർ, കോട്ടയം
പേജ്. 44. വില. 5ണ.

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 1950, 51, 52 എന്നീ കൊല്ലങ്ങളിലെ എല്ലാ പെരുന്നാളുകളും ഏതെല്ലാം ദിവസങ്ങളിലാണ് എന്നും സുറിയാനി, ഇംഗ്ലീഷ്, മലയാളം തിയ്യതികളും ഏതൊരുവനും നിഷ്പ്രയാസം അറിയുവാൻ സാധിക്കത്തക്ക വിധത്തിൽ ക്രമീകരിച്ചിട്ടുള്ളത് അഭിനന്ദനീയംതന്നെ. മാത്രമല്ല അതാതു ദിവസത്തെ വേദവായന ശ്രീ. ജേക്കബിനാൽതന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള 'വേദവായനക്കുറിപ്പ്' പുസ്തകത്തിൽനിന്നും എടുക്കത്തക്കവിധത്തിൽ നമ്പർ കൊടുത്തിട്ടുമുണ്ട്. പ്രസ്തുത പുസ്തകം ഏതൊരുവനും അത്യാവശ്യമായിട്ടുള്ളതാകുന്നു.

2

"കുമ്പസാരസഹായി" ഗ്രന്ഥകർത്താവ്, കെ. എ. ജേക്കബ് കുമരകം പേജ് 115. വില 7ണ.

വിശുദ്ധ ജീവിതത്തെ, ദൈവസഖിത്വത്തെ കാംക്ഷിക്കുന്ന ഏതു വ്യക്തിക്കും പാപവീഴ്ച ഉണ്ടായാലുടനെ വി. കുമ്പസാരം അത്യാവശ്യമാണ്. അങ്ങിനെയുള്ളവർക്ക സഹായകരമായിതീരുന്നതിലേയ്ക്കാണ്. "കുമ്പസാരസഹായി" എന്ന ഈ പുസ്തകം രചിച്ചിരിക്കുന്നത്.

"ഇതിന്റെ ഒന്നാം ഭാഗത്തിൽ വി. കുമ്പസാരത്തിനുവേണ്ട നിർദ്ദേശങ്ങളും അതിന്റെ അനുഷ്ഠാനങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. രണ്ടാം ഭാഗത്തിൽ വി. കുർബാന അനുഭവം സംബന്ധിച്ച നിർദ്ദേശങ്ങളും അനുഷ്ഠാനങ്ങളും പ്രതിപാദിച്ചിരിക്കുന്നു."

കോട്ടയം, നിരണം മുതലായ ഇടവകകളുടെ മോർദീയൊന്നോസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ശ്രേഷ്ഠാനുമതിയോടുകൂടിയാണ് ഈ പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതെന്നും ഈ പുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ട്.

ഏതായാലും 'കുമ്പസാരസഹായി' വി. കുമ്പസാരത്തെ പററി ശരിയായ ഒരു ബോധം ഉളവാക്കത്തക്കവിധത്തിൽ രചിച്ചിട്ടുണ്ടെന്നു പറയുവാൻ വിരോധമില്ല. ഏഴണ മാത്രം വിലയുള്ള ഈ പുസ്തകം ഓരോ കുഡുംബത്തിനും അവശ്യം ആവശ്യമാണ്. കുമ്പസാരത്തിനു ബ. പട്ടക്കാരന്റെ അടുക്കലേയ്ക്കു പോകുന്ന ഏതൊരുവനും 'കുമ്പസാരസഹായി' വായിച്ചതിനുശേഷം മാത്രം പോകുവാൻ ഞങ്ങൾ ശുപാർശ ചെയ്തുകൊള്ളുന്നു.

3

'വിശ്വാസവീരൻ' അഥവാ 'പീഡ ഏററ ക്രിസ്ത്യാനി' By. പി. കെ. ദാനിയേൽ, മലയാളം പണ്ഡിതർ, ഇംഗ്ലീഷ് ഹൈസ്കൂൾ, എടയാറന്മുള. പേജ്. 43. വില. ?

ഇന്നത്തെ "ക്രൈസ്തവ സമൂഹങ്ങൾ കഷ്ടാനുഭവങ്ങളോടുകൂടിയ ജീവിതത്തെ എത്രത്തോളം വില വയ്ക്കുന്നു എന്നുള്ളതു സംശയഗ്രസ്തമാണ്. പ്രസംഗ പീഠങ്ങളിലും ലേഖകന്മാരുടെ തൂലികാഗ്രങ്ങളിലും ക്രിസ്തുനാഥന്റെ രക്തം, കഷ്ടാനുഭവം ആദിയായ വിഷയങ്ങൾക്കു പകരം കൂദാശകൾ, നിഫണ്ടുക്കൾ, വാദപ്രതിവാദങ്ങൾ മുതലായവ സ്ഥലം പിടിച്ചുകഴിഞ്ഞിരിക്കുന്നു. തിരുവചനാനുസരണം സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നു സ്വയം അഭിമാനിക്കുന്നവരുടെ സഭകളിൽപോലും ഈ ശോച്യാവസ്ഥകാണ്മാനുണ്ട്. ഇങ്ങനെ ഒരു നല്ലപങ്ക് ഈ ലോകത്തിന് അനുരൂപപ്പെട്ട് ജീവിക്കുന്നെങ്കിലും കരുണയുള്ള പിതാവു തന്റെ മഹത്തായ വേല ചെയ്തുകൊണ്ടിരിക്കുന്നു. ആരും ഇല്ലാത്തവനായിതീർന്ന നസറായന്റെ സാക്ഷാൽ അനുഗാമികളും ക്രിസ്ത്യാനികളുമാകുന്ന നാം യഥാർത്ഥ ക്രിസ്ത്യാനികളായിരുന്നെങ്കിൽ എത്ര കഷ്ടതകളും പ്രയാസങ്ങളും സഹിച്ചു ജീവനെപ്പോലും പകച്ച് (പ്രവൃ. 20. 21.) അരുമനാഥന്റെ ആജ്ഞകളെ ശിരസ്സാ വഹിക്കുമായിരുന്നു."

"ദൈവജനമായ യിസ്രായേലിന്റെ വിടുതലിനു നിയോഗിക്കപ്പെട്ടവനും ന്യായപ്രമാണ ദാതാവുമായ മോശ, ഫറവോന്റെ സമ്പൽ സൌഭാഗ്യസമ്പൂർണ്ണമായ കൊട്ടാരം ത്യജിച്ചു സ്വജനത്തിന്റെ കഷ്ടതകളിൽ പങ്കുകൊള്ളുവാൻ സന്നദ്ധനായതുപോലെ (എബ്രാ. 11: 24) ലോകോദ്ധാരകനായ ആയിരം പതിനായിരങ്ങളുടെ മദ്ധ്യേ ഇന്നും യശഃശരീരനായി ശോഭിപ്പാൻ തക്കവണ്ണം രാജകൊട്ടാരത്തെയും ഔദ്യോഗികപ്രഭാവങ്ങളേയും സമ്പൽ സമൃദ്ധിയേയും പാടേ ത്യജിച്ചു വനാന്തർഭാഗങ്ങളിലുള്ള ഗുഹകളെ തന്റെ മണിമന്ദിരങ്ങളായും പക്ഷിമൃഗാദികൾ ഉപയോഗിക്കുന്ന കായ്കനികളും കാട്ടാറുകളിലെ അതിശീതളവുമായ ജലവുംകൊണ്ടു തന്റെ ക്ഷുൽപിപാസാദികൾ ശമിപ്പിച്ച് ജീവിപ്പാൻ മനസ്സുവച്ചവനും എബ്രായലേഖനം 11-ാം അദ്ധ്യായത്തിലെ വിശ്വാസവീരന്മാരുടെ പട്ടികയിൽ ഉൾപ്പെട്ട് സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടവനുമായ ഒരു ക്രൈസ്തവപോരാളിയെയത്രെ ഈ പുസ്തകദ്വാരാ അവതരിപ്പിച്ചുകൊള്ളുന്നതു്."

ശ്രീ. പി. കെ. ദാനിയേലിന്റെ തൂലികാ വിലാസങ്ങൾ ആദ്യന്തം ഈ പുസ്തകത്തെ ശോഭിപ്പിച്ചിട്ടുണ്ട്. കണ്ണുനീരോടുകൂടിയല്ലാതെ ഒരു സഹൃദയന് ഈ പുസ്തകം വായിച്ചവസാനിപ്പിക്കുവാൻ സാധിക്കയില്ല. ഈ ഉദശപുസ്തകങ്ങളാണ് ഇന്നു ക്രൈസ്തവ ലോകത്തിനു അത്യന്താ

ബാക്കി കവർപേജ് 3-ൽ

# മലങ്കര ക്രിസ്ത്യൻ

(മാസിക)

പുസ്തകം 1 | 1950 മേയ് | ലക്കം 8


## ദാവീദിൻെറ ഒരു പ്രാർത്ഥന

M. G. John B. A. B. L. Rtd. Dist. Judge. Thiruvalla.

P. S. 32: 6 "ഇതു നിമിത്തം ഓരോ ഭക്തനും കണ്ടെത്താകുന്ന കാലത്തു നിന്നോടു പ്രാർത്ഥിക്കും." ആത്മികജീവൻ നമുക്കു ഉണ്ടെന്നുള്ളതിൻെറ ഒരു അടയാളമാകുന്നു പ്രാർത്ഥന. ആത്മികജീവൻ ഇല്ലാത്ത ഒരാൾ പ്രാർത്ഥിക്കുക സംഭാവ്യമല്ല. പ്രാർത്ഥന എന്നു പറയുന്നതു ദൈവസമ്പർക്കംതന്നെയാണല്ലൊ. ദൈവസമ്പർക്കം ഇല്ലാത്ത ഒരാളിന് ആത്മികജീവൻ ഉണ്ടായിരിക്കയില്ല. പാപത്താൽ നാം ദൈവത്തിൽനിന്നും അകന്നു പോകുമ്പോൾ, നമുക്കു ഈ ദുഃസ്ഥിതി സംഭവിക്കുന്നു. അപ്പോൾ നാം മൃതസമാനരത്രെ. കല്പനാലംഘനത്താൽ നാം മരിക്കുന്നു. വൃക്ഷത്തിൻെറ ഒരു കൊമ്പു ഉണങ്ങിപ്പോയാൽ, ആ കൊമ്പും വൃക്ഷവുമായി യാതൊരു സജീവബന്ധവുമില്ല. ഇതുപോലെതന്നെയാണ് പാപിക്കു ദൈവവുമായുള്ള ബന്ധവും. ആത്മാർത്ഥമായി ഒരുവൻ അനുതപിച്ചു ക്രിസ്തുവിൽ ആകുമ്പോൾ അവൻ പ്രാർത്ഥിക്കുന്നു. ഒരു കുട്ടി ജനിക്കുന്ന ഉടൻ കരയുന്നു. ആ കരച്ചിൽ കുട്ടിയ്ക്കു ജീവനുണ്ടെന്നുള്ള ലക്ഷ്യമാകുന്നു.—ശൌൽ മാനസാന്തരപ്പെട്ട ഉടനെ പ്രാർത്ഥിക്കുന്നു. "കണ്ടാലും അവൻ പ്രാർത്ഥിക്കുന്നു." എന്നു കർത്താവു പറയുന്നു: ശൌൽ ഇതിനു മുമ്പ് അനേകം പ്രാവശ്യം പ്രാർത്ഥിച്ചിട്ടുണ്ട്. ഒരു പരീശനെപ്പോലെതന്നെ പരീശനായ ശൌൽ ദിവസംതോറും ഒൻപതു പ്രാവശ്യം പ്രാർത്ഥിച്ചുവന്നു. എങ്കിലും അതു പ്രാർത്ഥനയായി ദൈവം ഗണിച്ചില്ല. ആ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തിയിട്ടുമില്ല. കാരണം എന്തായിരിക്കാം? ശൌലിൻെറ പ്രാർത്ഥനയിൽ ചില കുറവുകൾ ഉണ്ടായിരുന്നു. യേശുക്രിസ്തുവിനെ രക്ഷിതാവായി അവൻ സ്വീകരിച്ചിരുന്നില്ല. "ഞാൻ ജീവനും സത്യവും വഴിയും ആകുന്നു" യേശുക്രിസ്തു എന്ന മദ്ധ്യസ്ഥനിൽ കൂടിയല്ലാതെ പിതാവിനെ സമീപിക്കാൻ സാദ്ധ്യമല്ല. ശൌൽ സ്വന്തനീതിയിൽ ആശ്രയിച്ചു—കൃപയാൽ അല്ല. "ന്യായപ്രമാണത്താൽ നീതി വരുന്നെങ്കിൽ ക്രിസ്തു മരിച്ചതു വെറുതെയല്ലൊ" "കൃപയാലെങ്കിൽ പ്രവൃത്തിയാൽ അല്ല. അല്ലെങ്കിൽ കൃപ കൃപയല്ല." ശൌൽ സ്വന്തപാപത്തെപ്പററി പശ്ചാത്തപിച്ചില്ല ദൈവകൃപയിൽ ആശ്രയിച്ചുമില്ല. എങ്കിലും ദമസ്ക്കോസ് റോഡിൽവച്ചു ക്രിസ്തു അവനു പ്രത്യക്ഷനായി. "ശൌലേ ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്തു ? നീ ഉപദ്രവിക്കുന്ന ക്രിസ്തുവാകുന്നു ഞാൻ" ജീവനുള്ളതും, നിലനില്ക്കുന്നതുമായ ഈ ദൈവവചനത്താൽ ശൌൽ വീണ്ടും ജനിച്ചു; മരിച്ചവനായ ശൌലിനു ജീവൻ ഉണ്ടായി. അപ്പോൾ അവൻ പ്രാർത്ഥിച്ചു. ഉടനെ സ്വർഗ്ഗത്തിൽനിന്നും "കണ്ടാലും അവൻ പ്രാർത്ഥിക്കുന്നു" എന്നു ഒരു ശബ്ദം ഉണ്ടായി. ഇപ്പോഴാണു ശൌൽ യഥാർത്ഥമായി പ്രാർത്ഥിച്ചതു്. ആത്മികജീവൻ—യഥാർത്ഥഭക്തി ശക്തിപ്പെടുന്തോറും പ്രാർത്ഥനയും വർദ്ധിക്കുന്നു. അതു് ഒരു തെർമ്മോമീററർ പോലെ നമ്മുടെ പ്രാർത്ഥനയെ കുറിക്കുന്നു. ആത്മാവിൻെറ ജീവനിൽ ഏററവും ഉയന്നതു് നമ്മുടെ അരുമനാഥൻ ആയിരുന്നല്ലൊ. അവിടുത്തെ പ്രാർത്ഥനാജീവിതവും അതേവിധത്തിൽ ഉയന്നിരുന്നു. "എൻെറ ദൈവമേ! എൻെറ ദൈവമേ! എന്നെ നീ കൈവിട്ടതു് എന്തു" എന്നു കാൽവറിയിൽവച്ചു് അവിടുന്നു നിലവിളിച്ചപ്പോൾ മാത്രം പിതാവുമായുള്ള സംസർഗ്ഗത്തിൽനിന്നും അവിടുന്നു സ്വല്പനേരത്തേയ്ക്കു വേർപെട്ടു. അതു

ലോകത്തിന്റെ പാപം നിമിത്തം ആയിരുന്നു. മററുസമയമെല്ലാം പിതാവായ ദൈവവുമായി അവിടുന്നു ദൃഢസംസർഗ്ഗത്തിൽ ലയിച്ചിരുന്നു. "A Prayerless Soul is a christless Soul" എന്നു് ഒരു ഭക്തൻ പറയുന്നു. പ്രാർത്ഥിക്കാത്തവർ ഇപ്രകാരം വാദിച്ചേക്കാം. "ഞാൻ ന്യായപ്രമാണം അനുസരിച്ചു ജീവിക്കുന്നു. അതിനാൽ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല." അപ്രകാരമുള്ളവർക്കു ക്രിസ്തുവിന്റെ കൂട്ടായ്മ ക്ഷണനേരത്തേയ്ക്കുപോലും ഉണ്ടാകയില്ല. പ്രാർത്ഥനയിൽ ഒരു മനുഷ്യനു ഉണ്ടാകാവുന്ന നെടുവീർപ്പും, കണ്ണുനീരും, വാദങ്ങളും, ഞരക്കവും പരദേശത്തെ പുഷ്പങ്ങളാകുന്നു. അവയുടെ വിത്തു് സ്വർഗ്ഗത്തിൽനിന്നും വന്നുചേരുന്നു. മാനസാന്തരപ്പെടാത്ത ഹൃദയത്തിൽ ഈ പുഷ്പങ്ങൾ മുളക്കയില്ല. ദൈവത്തിന്റെ ആത്മാവു നമ്മിൽ വസിക്കുന്നു എന്നുള്ളതിന്റെ ലക്ഷ്യമാകുന്നു ഇവ.

2. ഒരു 'ആത്മീകമനുഷ്യനു പ്രാർത്ഥന സ്വഭാവികമായി ഉണ്ടാകുന്നു. നിശ്ചിത സമയത്തു പ്രാർത്ഥിക്കുന്നതു നല്ലതാണെങ്കിലും, ഒരു 'ആത്മീക മനുഷ്യൻ ഈ പ്രാർത്ഥനകൊണ്ടുമാത്രം തൃപ്തിപ്പെടുകയില്ല. അവനു സദാസമയവും പ്രർത്ഥിക്കണം. ഇതു സാദ്ധ്യമല്ലെന്നു ചിലർ വിചാരിച്ചേക്കാം. നിശ്ചയമായിട്ടും സാദ്ധ്യം തന്നെ. നാം അറിയാതെതന്നെ ശ്വാസോഛ്വാസം ചെയ്യുന്നതുപോലെ, ഒരു ഭക്തന്റെ ഹൃദയത്തിൽനിന്നും പ്രാർത്ഥന എപ്പോഴും പൊന്തിക്കൊണ്ടിരിക്കും. പാറയിൽനിന്നും നിർബാധമായി ഒഴുകുന്ന നീരുറവപോലെ, അതു ഭക്തഹൃദയത്തിൽനിന്നു നിർഭയം ഒഴുകുന്നു. ദൈവ സംസർഗ്ഗം ഉള്ളവനു് ഈ ഒഴുക്കു താനെ ഉണ്ടായിക്കൊള്ളും. ദൈവനാമ മഹത്വത്തിനു നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും പ്രാർത്ഥനയായി ഗണിക്കാം. സാധുക്കൾക്കു ഭിക്ഷകൊടുക്കുന്നതും, അജ്ഞന്മാർക്കു ദൈവവചനം ഉപദേശിച്ചുകൊടുക്കുന്നതും പ്രാർത്ഥനതന്നെ. വാക്കുകളുടെ ഉച്ചാരണം കൂടാതെ ദൈവസന്നിധിയിൽ ഇരുന്നു കൃപാസനത്തിലേയ്ക്കു മനസ്സു ഉയർത്തുന്നതും പ്രാർത്ഥന തന്നെയാകുന്നു.

3. ദാവീദിന്റെമേൽ ഉദ്ധൃതമായ വാക്യത്തിന്റെ കാരണം എന്താണു്? അൻപതാം വാക്യം ഇതിനെ വ്യക്തമാക്കുന്നു. "ഞാൻ എന്റെ പാപം നിന്നോടു് അറിയിച്ചു. എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോടു് ഏററു പറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുററം ക്ഷമിച്ചുതന്നു." ദാവീദ് ഒരു മഹാപാപിയായിരുന്നെങ്കിലും അവന്റെ കുററം ക്ഷമിക്കപ്പെട്ടു. അതു് അവനു ബോദ്ധ്യപ്പെടുകയും ചെയ്തു. അപ്രകാരമായിരിക്കെ ഏതു പാപിയും ദൈവസന്നിധിയിൽ പരമാർത്ഥമായി അനുതപിച്ചാൽ അവന്റെ പാപം ക്ഷമിക്കപ്പെടുമെന്നു ദാവീദ് മനസ്സിലാക്കി. നമുക്കു ഇതു് ഒരു വലിയ പ്രത്യാശയ്ക്കു നിദാനമാണു്. "ഇതു നിമിത്തം" എന്ന പദം മററു കാരണങ്ങളേയും സൂചിപ്പിക്കുന്നു. മനുഷ്യരുടെ പാപത്തെ പൊറുക്കുന്നതിനു ദൈവം എപ്പോഴും സന്മനസ്സും സന്നദ്ധതയും പ്രദർശിപ്പിക്കുന്നു. അവിടുത്തേയ്ക്കു് അതിനു ശക്തിയും ഉണ്ടു്. നാം ബലഹീനരാകയാൽ എപ്പോഴും പാപത്തിൽ വീഴുന്നു. അതുകൊണ്ടുതന്നെയാണു നമ്മുടെ കർത്താവ് "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമെ" എന്നു പ്രാർത്ഥിപ്പാൻ നമ്മോടു നിർദ്ദേശിച്ചതു്. നാം വിശുദ്ധന്മാർ ആണെങ്കിലും, നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടെങ്കിലും, നമുക്കു പാദക്ഷാളനം ഇല്ലെങ്കിൽ നാം വെറും ശൂന്യം മാത്രമാണു്. കർത്താവു പത്രോസിനോടു പറയുന്നു: "നിങ്ങൾ ശുദ്ധിയുള്ളവരാകുന്നു എങ്കിലും കുളിച്ചിരിക്കുന്നവനു പാദക്ഷാളനം ആവശ്യമാണു്." അതുപോലെ നാമും എത്ര വിശുദ്ധരായിരുന്നാലും, പാപകുററങ്ങൾക്കു ക്ഷമപ്രാപിക്കേണ്ടവരാണു്. ദൈവം ഇപ്രകാരം ക്ഷമിക്കുന്നതുകൊണ്ടു് ഓരോ ഭക്തനും പ്രാർത്ഥിക്കുന്നു. അടുത്ത വാക്യത്തിൽ "പെരുവെള്ളം കവിഞ്ഞുവരുന്നു" എന്നു കാണുന്നു. നമുക്കു കഷ്ടതയും സങ്കടവും നേരിടുമ്പോൾ രക്ഷകനെ സമീപിക്കാതെ ഇതരമാർഗ്ഗങ്ങൾ ഒന്നുമില്ല. ആപത്തു ഉണ്ടാകുമ്പോൾ, അവന്റെ അടുത്തു ചെല്ലുന്നതിനു നമുക്കു് അവസരം ലഭിക്കുന്നു. അപ്പോൾ ഓരോ ഭക്തനും പ്രത്യാശയോടുകൂടി കർത്താവിന്റെ അടുക്കൽചെന്നു പ്രാർത്ഥിക്കുന്നു. ദൈവം ഈ പ്രാർത്ഥന കേൾക്കുന്നു. ഓരോ വിശ്വാസിക്കും അനുഭവപ്പെടുന്ന ഈ വസ്തുത നമുക്കു പ്രത്യാശയെ പ്രദാനം ചെയ്യുമല്ലൊ.

4. എല്ലാമനുഷ്യർക്കും എപ്പോഴും ദൈവത്തെ കണ്ടെത്താൻ സാധിക്കയില്ല. ദൈവത്തെ കണ്ടെത്താവുന്ന കാലം ഉണ്ടു്. പരീശനെപ്പോലെ സ്വയനീതിയിൽ ആശ്രയിച്ചുകൊണ്ടു പ്രാർത്ഥിച്ചാൽ ദൈവത്തെ കണ്ടെത്താൻ സാധിക്കയില്ല. തികച്ചും അനഹങ്കാരികളായി, നാം എതും ഇല്ലെന്നുള്ള വിചാരത്തോടുകൂടി ദൈവത്തെ സമീപിച്ചു പരമാർത്ഥമായി പാപത്തെ ഏററു പറയുന്നപക്ഷം നമുക്കു ദൈവത്തെ കണ്ടെത്താൻ സാധിക്കും. വാഗ്ദത്തവും അപ്രകാരംതന്നെ. "അന്വേഷിക്കുന്നവൻ കണ്ടെത്തും"

# 24 മണിക്കൂർ മാത്രം

പി. പി. വർക്കി. തൃപ്പൂണിത്തുറ.

കോശികത്തനാരും ആ വെളുത്തയഹൂദൻ ബെന്നി റബിയുമായി വളരെ സ്നേഹത്തിലാണ്. അവർ ഭിന്നമതസ്ഥരാണെങ്കിലും മതകാര്യങ്ങളെപററി സാധാരണ സംസാരിക്കാറും തർക്കിക്കാറുമില്ല. അവരുടെ കൊടുക്കൽ വാങ്ങൽ ഇടപാടുകളിൽ രണ്ടുപേർക്കും പരസ്പരം വിശ്വാസവും ബഹുമാനവുമാണ്. ഇവരുടെ മൈത്രീബന്ധത്തെപററി നാട്ടുകാർക്കും അത്ഭുതവും ആദരവുമാണ്. മതകാര്യങ്ങളെപററി ചുരുക്കം ചിലപ്പോൾ ഉണ്ടാകാറുള്ള വിശകലനങ്ങൾ ശാന്തമായും സൗമ്യമായും മാത്രമേ പര്യവസാനിക്കാറുള്ളു. ഒരു ദിവസം ബെന്നിറബിയോടു കോശിഅച്ചൻ പറഞ്ഞു: "റബീ, നിങ്ങൾ ഇരുപത്തിനാലു മണിക്കൂർ നേരത്തേയ്ക്കു് ഒരു ക്രിസ്ത്യാനി ആയിതീരാമോ. നിങ്ങൾ അങ്ങിനെ ചെയ്യണമെന്നു ഞാൻ വളരെ ആഗ്രഹിക്കുന്നു. അപ്പോൾ നിങ്ങൾ അതു് ഇഷ്ടപ്പെടുന്നോ എന്നു് അറിയാമല്ലോ. നിങ്ങൾ അങ്ങിനെ ചെയ്യുമോ?" റബി പറഞ്ഞു: "അച്ചനു 24 മണിക്കൂർ നേരത്തേയ്ക്കു ഒരു യഹൂദനാകാമോ?"

അച്ചൻ—ഓഹോ, അതിനെന്താ, ഞാൻ യഹൂദനായ ശേഷമാണല്ലോ ക്രിസ്ത്യാനായതു്. പഴയനിയമം മുഴുവനും ഞങ്ങൾക്കുമുണ്ടല്ലൊ.

റബി കുറെനേരം മൗനമായിരുന്ന ശേഷം പറഞ്ഞു: "ശരി അച്ചാ; 24 മണിക്കൂർ നേരത്തേയ്ക്കു മതിയല്ലൊ. അച്ചൻെറ ആഗ്രഹമല്ലേ."

അച്ചൻ—എന്നാൽ യേശു കന്യകയിൽനിന്നു ജനിച്ചു എന്നു റബി ആദ്യമായി വിശ്വസിക്കണം.

റബി—അതെനിക്കു സാദ്ധ്യമല്ല.

24 മണിക്കൂർ നേരത്തേക്കു മതിയല്ലൊ എന്നാ പട്ടക്കാരൻ പറഞ്ഞു. ശരി, എന്നാൽ അങ്ങിനെതന്നെ, എന്നു റബി സമ്മതിച്ചു.

അച്ചൻ—രണ്ടാമതായി യേശു ലോകത്തിൻെറ പാപത്തിനു വേണ്ടി കുരിശിൽ മരിച്ചു എന്നു റബി വിശ്വസിക്കുക.

റബി—ചാടിപ്പറഞ്ഞു: "അതെനിക്കു സാദ്ധ്യമല്ല."

ഓ. വെറും 24 മണിക്കൂർ നേരത്തേക്കുമതിയല്ലോ എന്നു പട്ടക്കാരൻ പ്രതിവചിച്ചു. റബി കുറെനേരം മൗനമായിരുന്ന ശേഷം പറഞ്ഞു-ശരി, നാളെ ഈ നേരംവരെക്കു മാത്രം കെട്ടോ.

അച്ചൻ—മൂന്നാമതായി യേശു 3-ാം ദിവസം ഉയത്തെഴുന്നേററു എന്നു നിങ്ങൾ വിശ്വസിക്കണം.

ബെന്നിറബി ചാടിയെഴുന്നേററു് "അതു ഞാൻ വിശ്വസിക്കയില്ല"ന്നു് അട്ടഹസിച്ചു. ഒരിക്കലും സംഭവിക്കയില്ലാത്ത കാര്യം. ഇതു വിശ്വസിക്കാൻ എന്നാൽ അസാദ്ധ്യം തന്നെ. ആ പട്ടക്കാരൻ പുഞ്ചിരിയോടെ പറഞ്ഞു. "24 മണിക്കൂർ നേരത്തേക്കു മതിയല്ലോ റബി." ആ യിസ്രായേല്യനായ റബി "ശരി അച്ചാ അങ്ങിനെ വിശ്വസിക്കുന്നു" എന്നു പറഞ്ഞു.

"നാലാമതായി യേശു സ്വർഗ്ഗത്തിലേക്കു കരേറിപ്പോയി എന്നു നിങ്ങൾ വിശ്വസിക്കണം" എന്നു കോശികത്തനാർ ശാന്തമായി പറഞ്ഞു

ഒന്നിലും കോപിക്കാത്ത റബിക്കു കോപം വന്നു. "എന്നാൽ ഇതു വിശ്വസിക്കാൻ സാദ്ധ്യമല്ല." എന്നയാൾ ഗർജ്ജിച്ചു.

പട്ടക്കാരൻ പറഞ്ഞു: "24 മണിക്കൂർ നേരത്തേക്കു മതിയല്ലൊ."

റബി കുറെനേരം നിശ്ശബ്ദനായിരുന്ന ശേഷം പറഞ്ഞു: "ഏതായാലും 24 മണിക്കൂർ നേരത്തേയ്ക്കു ഞാൻ ക്രിസ്ത്യാനി ആയിക്കൊള്ളാം എന്നു പറഞ്ഞതാണല്ലൊ. ഞാൻ വാക്കുമാററുന്നില്ല. അങ്ങിനെയും ഞാൻ വിശ്വസിക്കുന്നു. നാളെ ഈ സമയംവരെ മാത്രം."

അഞ്ചാമതായി രക്ഷിതാവായ യേശുവിനോടു പ്രാർത്ഥിപ്പാൻ റബിയും എന്നോടുകൂടി മുട്ടുകുത്തണം എന്നു ഞാൻ ആഗ്രഹിക്കുന്നു. ആ യഹൂദറബി ഒന്നമ്പരന്നു. "ശരി" എന്നു പറഞ്ഞു മുട്ടുകുത്തി. അച്ചൻ ആർഭാടങ്ങളില്ലാതെ ഒരു

# "The Word of Life."

[S. R. STOKES]

Quite rightly, we are at pains to establish that the Christian Faith was found and practised in India centuries before the coming of European missionaries to its shores. Though why it remained in one area of this great land is another matter.

Are we at such pains to understand that the Bible also, in its original form, had no connection whatever with Western Christianity as it is rather loosely called? The old Testament being written in Hebrew (with a few passages in Aramaic); the New Testament being written in Greek.

The old Testament Scriptures are those used by our Lord in His earthly ministry. He freely quoted from them and every quotation implies implicit faith in these Scriptures 'beginning at Moses and all the prophets.' In the last Great passion it is clear that He was drawing strength and consolation from these same Scriptures Never did He raise a protest suggesting that any of these Scriptures might be unreliable.

But the Christian Faith rests upon the Death, Burial, Resurrection and Ascension of our Lord Jesus Christ as related and taught in the New Testament--a perfect fulfilment of all that was prophesied in the old Testament. For there is no contradiction between the two Testaments. We have then, in the New Testament what is called "the faith once for all delivered unto the saints" (Jude 3)—the foundation laid by "apostles and prophets, Jesus Christ Himself being the chief corner stone."

What may be said regarding the accuracy and reliability of this New Testament? Apart altogether from internal evidences of it's accuracy it might be interesting to some to be reminded of the following.

All will know that the Reformation, as it is called, largely depended upon the translation of the Bible into the language of the people from the Latin, the classical language into which it had been translated for use in the Christian churches of the west up to

---

ചെറിയ പ്രാർത്ഥന നടത്തി. ആ വൃദ്ധനായ റബ്ബി ഇങ്ങിനെ പ്രാർത്ഥിച്ചു. "ദൈവമായ യഹോവേ, ക്രിസ്തു സാക്ഷാൽ ദൈവപുത്രനെങ്കിൽ അദ്ദേഹം എന്നെ രക്ഷിക്കട്ടെ" പ്രാർത്ഥനകഴിഞ്ഞവർ എഴുന്നേററു. നെഞ്ചിൽ കൈവെച്ചുകൊണ്ട് "എനിക്കിവിടെ ഒരു വല്ലായ്മ" ആ വെളുത്ത യഹൂദർ പറഞ്ഞു.

അടുത്ത ദിവസം ആ പട്ടക്കാരന്റെ വീട്ടിലേയ്ക്കു റബ്ബി ചെന്നു. അവരുടെ 24 മണിക്കൂർ അവസാനിക്കാറായി. അയാളുടെ മുഖത്തു പുഞ്ചിരിയും ഹൃദയത്തിൽ ശാന്തിയും കളിയാടിയിരുന്നു. അദ്ദേഹം പറഞ്ഞു; "കോശിഅച്ചാ ഞാൻ വേറൊരു 24 മണിക്കൂർ നേരത്തേയ്ക്കുകൂടി അവനെ വിശ്വസിച്ചു സ്വീകരിക്കയാണ്"

ദിവ്യത്ഭുതക്കരങ്ങൾ ആ സത്യസന്ധനായ റബ്ബിയെ സ്പർശിക്കതന്നെ ചെയ്തിരുന്നു.

that time. These Latin Bibles were hand written, and it is easy to see that many mistakes were possible in the process of copying. The English 'Authorised Version', issued in 1611 is based upon these Latin versions.

But in the 19th Century several important discoveries were made, one of which (in 1859) was the discovery of what is called the 'Codex Sinaiticus' in a monastery on Mount Sinai. This Codex is written in Greek (both Old and New Testaments) upon the parchment used in the 4th Century. A. D This and other discoveries led to the issue of the English Revised Version in 1884. The more modern Hindi, Malayalam etc. Translations being based upon these early Greek manuscripts and others now discovered, dating from between 150 and 200 A D.

The points of divergence between the Authorised and Revised Versions may be simply illustrated as follows:

The 16 persons, forming them into a line one behind the other with some little space between them. Form a second and similar line with but 4 persons. Give a longish message of several sentences to the leaders at the head or each of the lines telling them to transmit the message down the line to the last person in that line; and then see how that last person recites the original message! It would be expected that the message passed between 16 persons would be more liable to corruption in its text than that passed by 4 persons. But the truth of the matter is that Authorised Version in spite of the fact that it is based upon so many copies is remarkably accurate, so accurate that we may confidently rest our faith for Time and for Eternity upon it.

Does not the very accuracy of these sacred writings present an inescapable challenge to Christian people today?

The world is frantically seeking a way out of the tangle of difficulties multiplying all around; wandering in a wilderness and not knowing the way out. Is there a solution to the world's troubles in this Bible of ours? Surely the one who led His own people out of their wilderness "by the right way" has also the key to this problem? He most certainly has and it is all in the Bible, this so reliable record of His Word, for those who have eyes to see. Should we not read it and study it the more? Should we not follow it the more closely? Should we not shout it's good tidings from the housetop? Woe upon us, we do not well if, knowing this to be a day of good tidings, we hold our peace.

Let us send the vital roots of our faith deeper and ever deeper into this wonderful Word of God, seeking to live out its teachings in our lives day by day and telling our friends and neighbours quite plainly that God in His love and wisdom has provided for the world a way out of its present troubles. It is by the way of the Cross confession of sin and acceptance of Christ as Lord, as the only way of salvation.

## സണ്ടേസ്ക്കൂൾ വാഷികങ്ങൾ

### 1. മരത്താംകോട്ട്

സ്ഥലത്തെ സണ്ടേസ്കൂൾ വാഷിക യോഗം റവ. ഫാദർ. വർഗ്ഗീസ്. വി. ചെമ്മണ്ണൂർ അവർകളുടെ അദ്ധ്യക്ഷതയിൽ മെയ് 21-ാംനു- ഞായറാഴ്ച നടത്തപ്പെട്ടു. ശ്രീ. കെ. കെ കുറിയാക്കോസ് സ്വാഗതപ്രസംഗം ചെയ്തു. ഹെഡ്മാസ്റ്റർ റിപ്പോർട്ടു വായിച്ചു. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തിൽ ഇന്നത്തെ ലോകത്തിന്നു സണ്ടേസ്കൂളിൻെറ ആവശ്യകതയും, രക്ഷകത്താക്കൾ സണ്ടേസ്കൂളിന്നു നല്കേണ്ട സഹായങ്ങളും, യുവതീയുവാക്കന്മാർ സജീവമായി പങ്ക് എടുക്കേണമെന്നും പറഞ്ഞു. റവ. ഡീക്കൺ, ജോസ് പുലിക്കോട്ടിൽ പ്രസംഗിച്ചു. വിജയികളായ കുട്ടികൾക്ക സമ്മാന നല്കപ്പെട്ടു. ഉപസംഹാര പ്രസംഗത്തിൽ സണ്ടേസ്കൂൾ നടത്തേതു് ആൺകുട്ടികൾക്ക പുരുഷന്മാരാലും പെൺകുട്ടികൾക്ക സ്ത്രീകളാലും പ്രത്യക സമയങ്ങളിൽ വേണമെന്നും എന്നാൽ കൂടുതൽ കുട്ടികൾ സണ്ടേസ്കൂളിലേയ്ക്കു വരുവാൻ ന്യായമുണ്ടെന്നും അദ്ധ്യക്ഷൻ പ്രസ്താപിക്കകയുണ്ടായി. പെൺകുട്ടികളുടെ ഡാൻസ്, കോലാട്ടം 'ഉത്തമസഖി' എന്ന പ്രഹസനവും ആൺകുട്ടികളുടെ "സഹോദരസ്നേഹം" എന്ന പ്രഹസനവും ഉണ്ടായിരുന്നു.

### 2. ഇരിങ്ങോൾ

സ്ഥലം എം. ജി. എം സണ്ടേസ്കൂളിൻെറ 10-ാമതു വഷികയോഗം 7-ാംനു- ഞായറാഴ്ച റവ. ഫാദർ. ഫിലിപ്പ് പള്ളിച്ചിറ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. മി. കെ വി. കുരുവിള സ്വാഗതപ്രസംഗം ചെയ്തു. സിക്രട്ടറി മി. എം. വി ജോസഫ് റിപ്പോർട്ടു വായിച്ചു. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തിന്നു ശേഷം മി വി. എം. ഈപ്പൻ, മി. പി. പി ചാക്കോ എന്നിവർ പ്രസംഗിച്ചു കുട്ടികളുടെ പ്രഹസനവും ഉണ്ടായിരുന്നു.

കാര്യാലോചനയിൽ അടുത്ത വഷത്തേക്ക മി. എം. എം. മാത്യു സിക്രട്ടറി, മി. ഈ. പി. കുര്യാക്കോസ് ഖജാൻജി മി. എം. റ്റി. വക്കി മെമ്പർ എന്നിങ്ങിനെ ഒരു കമ്മററി രൂപീകരിക്കപ്പെട്ടു.

യോഗാവസാനത്തിൽ ലഘുഭക്ഷണവും ഉണ്ടായിരുന്നു.

---

For Favoures Received



Inserted by
Roby Varghese.

## സ്വന്തം കാര്യം

കടലാസ്സ്, അച്ചടി മുതലായവയ്ക്കു് ഉദ്ദേശിച്ചതിലധികം പണച്ചിലവുവരുന്നതുകൊണ്ടു് ഈ മാസികയുടെ വരിസംഖ്യ രണ്ടുരൂപയിൽ നിന്നും 3 രൂപയാക്കി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിരിക്കുന്നു. അതുകൊണ്ടു 1 രൂപ അടച്ചിട്ടുള്ളവർ ബാക്കി 2 രൂപയും, 2 രൂപ അടച്ചിട്ടുള്ളവർ ബാക്കി 1 രൂപയും ഈ വർഷത്തേക്കു ഉടനെ അയച്ചുതന്നു സഹായിക്കുവാൻ അപേക്ഷ.

ഇതുവരേയും വരിസംഖ്യ തരാത്തവർക്കു അടുത്തലക്കം ഒരു വർഷത്തെ വരിസംഖ്യ വി. പി. ചുമത്തി അയയ്ക്കുന്നതു് സമ്മതമാണോ എന്നറിയുവാൻ ഓരോകാർഡു അയച്ചിട്ടുണ്ടെങ്കിലും വി പി മാർഗ്ഗം വിഷമമാണെന്നു തോന്നുന്നതിനാൽ ആർക്കും വി. പി. അയക്കുന്നില്ല. അതുകൊണ്ടു അവർ വരിസംഖ്യ 3 രൂപ ഉടനെ തന്നെ അയച്ചുതരണമെന്നു വീണ്ടും അഭ്യർത്ഥിക്കുന്നു

ഇത്രയും ലക്കങ്ങൾ കിട്ടിയിട്ടും യാതൊരുസഹായവും നിങ്ങൾ ചെയ്യാതിരിക്കുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഏതാനും ചിലർ. വരിസംഖ്യക്കാവശ്യപ്പെട്ടപ്പോൾ മാസിക ഇനി ആവശ്യമില്ലെന്നു എഴുതിയതു ഉത്തമ മറുപടിയാണെന്നു തോന്നുന്നില്ല. ആകെങ്കിലും മാസിക ആവശ്യമില്ലായിരുന്നെങ്കിൽ രണ്ടാം പ്രാവശ്യം തന്നെ അവർ മാസിക മടക്കുകയോ', വിവരം അറിയിക്കുകയോ ചെയ്യേണ്ടതായിരുന്നു. ഇനി അവർക്കുമാസിക ആവശ്യമില്ലെങ്കിൽ ഇതുവരെ അവർ സ്വീകരിച്ചതായ മാസികയുടെ വില ലക്കം 1ക്കു് 4ണ വീതം അയച്ചുതന്നു സഹായിക്കുവാൻ അപേക്ഷിക്കുന്നു.

വരിസംഖ്യ മുൻകൂർ ലഭിക്കാതെ ആർക്കും ഇനി മാസിക തുടന്നു അയക്കുവാൻ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല.

ഇന്നത്തെ യാക്കോബായ സഭാന്തരീക്ഷത്തിൽ കക്ഷിവഴക്കുകളുടെ മലീമസമായ നീരാവി നിറഞ്ഞിരിക്കുന്നതായി തോന്നുന്നതിനാൽ ആ അന്തരീക്ഷത്തിൽനിന്നും മലങ്കരക്രിസ്ത്യൻ' മാറി നിന്നുകൊണ്ടു് സത്യസുവിശേഷ പ്രഭ പ്രസരിപ്പിക്കുവാൻ ശ്രമിക്കയാണു്. അപ്പോൾ മാത്രം അസമാധാനാന്ധകാരം നീങ്ങുകയും സത്യസ്നേഹപൊൻപ്രഭ പരക്കുകയും ചെയ്യുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങളുടെ ഈ അഭ്യർത്ഥനക്കു് മറുപടി നല്കുവാൻ എല്ലാവരോടും വണക്കമായി അപേക്ഷിക്കുന്നു.

മാനേജർ.

---

**1126-ലെ**

**മലങ്കരക്രിസ്ത്യൻ പഞ്ചാംഗം**

**തയ്യാറായിരിക്കുന്നു.**

1950-51-ലെ സുറിയാനി തിയ്യതികളും വിശേഷദിവസങ്ങളും, 1126-ലെ മലയാളതിയ്യതിയും, 1950-51-ലെ ഇംഗ്ലീഷ് തിയ്യതിയും അറിയുവാൻ ഈ പഞ്ചാംഗം മാത്രം മതി. വില: 1ണ. മാത്രം.

ആവശ്യക്കാർ അവരവർക്കാവശ്യമുള്ള പഞ്ചാംഗത്തിൻെറ വില ഉടനെ അയക്കുക.

ഒററപ്രതിക്കു 1½ണ. സ്റ്റാമ്പയക്കുക

മാനേജർ

**മലങ്കര ക്രിസ്ത്യൻ, ചേലക്കര**

# കേരളീയസഭയും റോമൻ കത്തോലിക്ക സമുദായവും

(തുടർച്ച)

പിന്നീടുവന്ന മിഷ്യനറി 1319-ൽ മററു ചില സഹചാരികളോടുകൂടി ചൈനയിലേക്കയക്കപ്പെട്ട ജോർദ്ദാനൂസ് എന്നു പേരായ ഒരു ഡൊമിനിക്കൻ സന്യാസിയാണ്. അയാളുടെ സഹചാരികളെല്ലാം മുഹമ്മദീയരാൽ വധിക്കപ്പെട്ടു. എങ്കിലും അയാൾ കേരളത്തിന്റെ പശ്ചിമതീരം സന്ദർശിച്ചു വീണ്ടും സ്വദേശത്തു മടങ്ങി എത്തി. ഈ രണ്ടു മിഷ്യനറിമാരിൽനിന്നും കേരളീയസഭയെക്കുറിച്ച് അറിഞ്ഞ റോമസിംഹാസനം ആകട്ടെ ഈ സഭയെ അതിനു കീഴപ്പെടുത്തുന്നതിനു ശ്രമം ചെയ്യുവാൻ തുടങ്ങി. ഇരുപത്തിരണ്ടാമത്തെ ജോൺപാപ്പാ ജോർദ്ദാനൂസിനെ 1330-ൽ കൊല്ലത്തെ മെത്രാനായി നിയമിച്ച് കേരളത്തിലേക്കയച്ചു. വേദവിപരീതം ഉപേക്ഷിച്ച് "റോമൻ കത്തോലിക് സഭയുടെ ഐക്യതയിലേയ്ക്കു പ്രവേശിക്കുന്നതിനു" കേരളീയ സഭയെ ക്ഷണിച്ചുകൊണ്ടുള്ള ഒരു ബുള്ളായും അദ്ദേഹംവശം കൊടുത്തയച്ചിരുന്നു. മിറബിലിയാ ഡിസ്ക്രിപ്റ്റാ (Mirabilia Descripta) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം കേരളീയസഭയെക്കുറിച്ചിപ്രകാരം പറഞ്ഞിരിക്കുന്നു. "ഈ ഇന്ത്യയിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്ന ഒരു ജനസമൂഹമുണ്ട്. അവർ ക്രിസ്ത്യാനികളെന്നു സ്വയം വിളിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവരപ്രകാരമല്ല. അവക്കു മാമോദീസായാകട്ടെ സത്യവിശ്വാസത്തെക്കുറിച്ചു യാതൊരു ഗ്രാഹ്യമാകട്ടെ ഇല്ല. അവർ മാർത്തോമ്മാശ്ലീഹാ ക്രിസ്തുവാണെന്നു വിശ്വസിക്കുന്നു." (Quoted in the Hist of Kerala Vol. I. P 283) ഇദ്ദേഹം അധഃകൃതവർഗത്തിൽപ്പെട്ട 300 പേരെ റോമാവിശ്വാസത്തിൽ ചേർത്തതായും അവരുടെ ഉപയോഗത്തിനുവേണ്ടി കൊല്ലത്തു് സെൻറ് ജോർജ്ജ് പള്ളി സ്ഥാപിച്ചതായും പറയപ്പെടുന്നു.

കേരളം സന്ദർശിച്ച വേറൊരു മിഷ്യനറി ഫ്ളോറൻസിൽ സാൻറാ ക്രോഴ്സിലെ ഫ്രാൻസിസ്കൻ സന്യാസിമഠത്തിൽപ്പെട്ട ജോൺ നിമരിഞ്ഞോളിയാണ്. ഇയാൾ ചൈനയിലെ ക്രീസ്തീയ പടയാളികളുടെ ആവശ്യപ്രകാരം 1338-ൽ ബെനിഡിക്റ്ററ് പാപ്പായാൽ അയക്കപ്പെട്ടതാണ്. മടക്കം യാത്രയിൽ അയാൾ കൊല്ലത്തിറങ്ങി ഒരു കൊല്ലത്തിലധികം അവിടെ ജോർദ്ദാനൂസിനാൽ സ്ഥാപിക്കപ്പെട്ട സെൻറ് ജോർജ്ജ് പള്ളിയിൽ താമസിച്ച് സുവിശേഷമറിയിച്ചു. കൊല്ലത്തെ റോമൻ കത്തോലിക്ക് പുത്തുക്രിസ്ത്യാനികൾ പ്രതിമാസം 100 പൊൻപണം വീതവും സ്ഥലം വിട്ടപ്പോൾ 1000 പൊൻപണവും പാരിതോഷികമായി കൊടുത്തതായി പറയപ്പെടുന്നു. (Hist of Kerala Vol. I· P· 284) ഇങ്ങനെ പോർട്ടുഗീസുകാരുടെ വരവിനു ഇരുന്നൂറുകൊല്ലം മുമ്പ് കേരളീയ വയലിൽ കൊല്ലത്തും പരിസരങ്ങളിലുമായി റോമൻ കത്തോലിക്ക് സഭയ്ക്കു് ഒരസ്ഥിവാരം ഇടപ്പെട്ടിരുന്നു എങ്കിലും പോർട്ടുഗീസുവരവുവരെ അതു കേവലം പുത്തുക്രിസ്ത്യാനികളുടെ ഒരു കൂട്ടം മാത്രമായിട്ടത്രേ നിലനിന്നുവന്നതു്. എന്നാൽ കേരളത്തിൽ പോർട്ടുഗീസു് ആധിപത്യം ഉറച്ചതോടുകൂടി കേരളീയ സഭയെ ഒന്നടക്കം റോമാവിശ്വാസത്തിലേക്കു തിരിപ്പിക്കുന്നതിന്നു് അവർ അക്ഷീണപരിശ്രമം നടത്തി. കേരളീയരാജാക്കന്മാരെ സ്വാധീനത്തിൽ വെച്ചും അധികാരികളും ജനങ്ങളും യഥാവിധി പാരിതോഷികങ്ങൾ കൊടുത്തും ഭയപ്പെടുത്തിയും മററു സാമോപായങ്ങൾ പ്രയോഗിച്ചും കേരളീയസഭയിൽ ഗണ്യമായ ഒരു വിഭാഗത്തെ അവർ തട്ടിയെടുത്തു് റോമൻ കത്തോലിക്ക് സഭയിൽ ചേർത്തു. ഇങ്ങിനെയെല്ലാമാണ് കേരളീയസഭയിൽ റോമൻ കത്തോലിക്ക് സമുദായം ഉടലെടുക്കുന്നതിനിടയായതു്.

അവസാനമായി, പോർട്ടുഗീസുകാരുടെ വരവിനുമുമ്പ് കേരളീയസഭ (കൊല്ലത്തെ പുത്തുക്രിസ്ത്യാനികൾ ഒഴികെ) റോമൻകത്തോലിക്കമല്ലായിരുന്നു എന്നു കാണിക്കുന്ന ഏതാനും ചില ലക്ഷ്യങ്ങൾകൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു് ഈ ലേഖനം ഉപസംഹരിച്ചുകൊള്ളാം.

ഇതു സംബന്ധിച്ചുള്ള ഒന്നാമത്തെ രേഖ 1330-ൽ കൊല്ലത്തുവന്നിറങ്ങിയ മേല്പറഞ്ഞ ജോർദ്ദാനൂസ് എന്ന റോമൻ കത്തോലിക്ക് ബിഷപ്പിന്റേതാണ്. മിറബിലിയാ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം കേരളീയ ക്രിസ്ത്യാനികളെക്കുറിച്ച് സാക്ഷിപ്പെടുത്തീട്ടുള്ള ഭാഗം മേൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. (Hist. of Kerala Vol, I. P. 283 & The Christianity in Travancore by G. T. Meckanzie P. 8.) മലങ്കര സുറിയാനിക്കാർ അന്നു് ശിശ്മയിലായിരുന്നു

എന്നു് ജോർദ്ദാനൂസ് എത്രയും സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. (The Syrian church in India by George Milno Roe M. A· P· 192·)

രണ്ടാമത്തെ രേഖ മേല്പറഞ്ഞ ജോർദ്ദാനൂസ് വശം 22-ാം യോഹന്നാൻ പാപ്പാ കേരളീയ സഭയ്ക്കു് കൊടുത്തയച്ച ഒരു എഴുത്താണു്. ഒരു റോമൻ കത്തോലിക്ക് ഗ്രന്ഥകാരനായ മെക്കൻസിയും, ഹൈന്ദവ ചരിത്രകാരനായ മിസ്റ്റർ പത്മനാഭമേനോനും ഒരു പ്രോട്ടസ്റ്റൻഡു് ചരിത്രകാരനായ കേണൽ യൂളും (yule) വിവാദ എഴുത്ത് അവരുടെ കൃതികളിൽ ഉദ്ധരിക്കുന്നുണ്ടു്. 1 330-ാമാണ്ടു് ഏപ്രിൽ അഞ്ചാം തീയതി എഴുതിട്ടുള്ള വിവാദ എഴുത്തിൽ ജോർദ്ദാനൂസ് മെത്രാന്റെയും അദ്ദേഹത്തിന്റെ കൂടെയുള്ള മിഷ്യനറിമാരുടേയും നേരെ നസ്രാണികൾക്ക് നന്മനസ്സുണ്ടാകണമെന്നു് പാപ്പാ ആവശ്യപ്പെടുകയും കേരളീയ നസ്രാണികൾ അവരുടെ ശീശ്മയെ വിട്ടൊഴിഞ്ഞു് കത്തോലിക്ക് സഭയുടെ ഐക്യത്തിൽ പ്രവേശിക്കണമെന്നു ക്ഷണിച്ചുകൊണ്ടു എഴുത്തവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. (Hist. of Kerala Vol. 1. P. 284; Christianity in Travancore by Meckanzie P. 8 Cathay & the Way Thither. II P. 342—345·) കേരളീയസഭ പതിനാലാം നൂററാണ്ടിൽ റോമൻ കത്തോലിക്കമല്ലായിരുന്നു എന്നു ജോർദ്ദാനൂസിന്റെ സാക്ഷ്യവും യോഹന്നാൻ പാപ്പായുടെ എഴുത്തും ഒരുപോലെ സാക്ഷിപ്പെടുത്തുന്നു.

മൂന്നാമത്തെ രേഖ പതിമൂന്നാം ഗ്രീഗറി പാപ്പാ 1578-ൽ ഗോവാ ആർച്ച് ബിഷപ്പിനു് (മേനേസിസിനു) എഴുതിയ ഒരു കല്പനയാണു്. വിവാദ കല്പനയിൽ കേരളീയ സഭയെ കത്തോലിക് വിശ്വാസത്തിലേക്കു തിരിപ്പിക്കുന്നതിനു പാപ്പാ മേനസിസിനോടാജ്ഞാപിച്ചിരിക്കുന്നു. (Meckanzie P- 20.) ഇദ്ദേഹം (പാപ്പാ) ആ കൊല്ലം തന്നെ മലങ്കര മെത്രാനായ മാർ അബ്രാഹത്തിനു് എഴുതിയ ഒരെഴുത്തിൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഭരണീയരേയും മനസ്സു തിരിപ്പിക്കുവാൻ ഉപദേശം നല്കിയിരിക്കുന്നു. (Meckanzie P. 20·)

നാലാമത്തെ രേഖ 1505-ൽ കേരളത്തിൽവന്ന വർത്തേമാ എന്ന ഒരു ഇററാലിയൻ സഞ്ചാരിയുടേതാണു്. അയാൾ കേരളീയ ക്രിസ്ത്യാനികളെ കുറിച്ചു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഈ ക്രിസ്ത്യാനികൾ നമ്മേക്കാൾ ദീർഘമായി നോമ്പു നോക്കുന്നു. എന്നാൽ ക്യംത (Easter) അവർ നമ്മേപ്പോലെ തന്നെ ആചരിക്കുന്നു. മാത്രമല്ല അവർ നമ്മെപ്പോലെ തന്നെ എല്ലാ കൂദാശകളും അനുഷ്ഠിക്കുന്നു. എന്നാൽ അവരുടെ കുർബ്ബാനയാകട്ടെ ഗ്രീക്കുകാരുടേതിനോടു് തുല്യമാണു്. വർത്തേമായുടെ ഈ സാക്ഷീകരണത്തിൽനിന്നും മലങ്കരസഭ പതിനാറാം നൂററാണ്ടിന്റെ ആരംഭത്തിൽ റോമൻ കത്തോലികമല്ലായിരുന്നു എന്നു് വെളിപ്പെടുന്നുണ്ടല്ലോ.

അഞ്ചാമത്തെ രേഖ ക്ലെമൻറ് എട്ടാമൻ പാപ്പായുടെ കല്പനയാണു്. മേനേസിസ് 1599-ൽ ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി കേരളീയസഭയെ റോമൻ കത്തോലികമാക്കിത്തീർത്തതു് എട്ടാമത്തെ ക്ലമൻറ പാപ്പായുടെ കല്പനപ്രകാരമായിരുന്നു. ഒരു സൂനഹദോസ് വിളിച്ചുകൂട്ടി മലങ്കര സുറിയാനിക്കാരെ "വിശുദ്ധ റോമായുടെ അനുസരണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനും ബാബിലോൺ പാത്രിയർക്കീസിന്റെ കീഴിൽ അവരെ ഭരിച്ചിരുന്ന ശീശ്മക്കാരായ ബിഷോപ്പന്മാരും നെസ്തോറിയൻ ഇടത്തൂട്ടുകാരും മൂലം അവരുടെ ഇടയിൽ ബീജാവാപം ചെയ്ത വ്യാജോപദേശങ്ങളേയും വേദവിപരീതങ്ങളെയും ഇല്ലാതാക്കുന്നതിനും" ക്ലെമൻറ, പാപ്പാ മേനേസിസിനോടാജ്ഞാപിക്കുന്നു. (Dr Richard India of St Thomas P. 14) ഉദയംപേരൂർ സൂനഹദോസിനുമുമ്പു കേരളീയസഭ റോമൻ കത്തോലിക മല്ലായിരുന്നു എന്നു് ഈ രേഖ എത്രയോ സ്പഷ്ടമായി വെളിപ്പെടുത്തിയിരിക്കുന്നു.

ആറാമത്തെ രേഖ പ്രസിദ്ധമനഃസാക്ഷി വഞ്ചകനായ മേനേസിസിന്റെയും അയാളുടെ സിക്രട്ടറി ഗോവയാ എന്ന ചരിത്രകാരന്റെയും ചില സാക്ഷികളാണു്. മാർത്തോമ്മാ ക്രിസ്ത്യാനികൾ മാർപ്പാപ്പായെ വെറുക്കുന്നു എന്നും മററും ഗോവേയ തന്റെ ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (Quoted by Meckanzie P, 58.) ഉദയംപേരൂർ സൂനഹദോസിൽവെച്ചു മലങ്കര സുറിയാനിക്കാരെ റോമൻ കത്തോലിക് സഭയിലേയ്ക്കു ബലമായി പിടിച്ചടക്കിയ വിവരം ചരിത്രപ്രസിദ്ധമാണല്ലോ. കൊച്ചിരാജാവിന്റെ സ്വാധീനവും കൊച്ചിക്കോട്ടയിൽനിന്നുവന്ന പറങ്കിപ്പട്ടാളത്തിന്റെ പേടിയിളക്കലും ഭീഷണികളും, ചില പ്രമാണികൾക്കു വില്ക്കാശ് അകത്തുവെച്ചുണ്ടാക്കിയ കൊഴുക്കട്ട സമ്മാനവും ഈ അനീതിപരമായ പ്രവൃത്തിയെ കാര്യമായി സഹായിച്ചു. സൂനഹദോസിൽവെച്ചു കേരളീയസഭയെ പിടിച്ചടക്കിയതിനുശേഷം നിഷ്ക്കണ്ടകനായ മേനേസിസ കടുത്തുരുത്തിപ്പള്ളി സന്ദർശിച്ചപ്പോൾ അവിടെകണ്ട ഭാവമാററം അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചു. തദവസരത്തിൽ അദ്ദേഹം താഴെകാണുന്നപ്രകാരം പ്രസ്താവിക്കയുണ്ടായി. "എനിക്കു നല്ല പരിചയമുള്ള കടുത്തുരുത്തിയാണൊ ഇതു ?

(തുടരും)

# സുവിശേഷവ്യാഖ്യാനം

## 8. വംശാവലി

യേശുക്രിസ്തു യഥാർത്ഥത്തിൽ ദാവീദിന്റെ പുത്രനും യിസ്രായേലിന്റെ രാജാവും ആണെന്നുള്ള ദൃഢനിശ്ചയം വംശാവലി മുഖാന്തിരം ലഭിക്കുന്നു. എന്നാൽ അന്യോന്യം വിരുദ്ധമെന്നു തോന്നുന്നവയും കുഴപ്പം ഉളവാക്കുന്നവയുമായ രണ്ടു വംശാവലികാണിച്ചിരിക്കുന്നതെന്തിനാണെന്ന് ചോദിച്ചേക്കാം. അതിനുത്തരം ഏതു മനുഷ്യനും രണ്ടുതാവഴിയുണ്ടെന്നുള്ളതാണ്. ഒന്ന് പിതാവിന്റെ—മറ്റൊന്ന് മാതാവിന്റെ. കോടതി കാര്യങ്ങളിൽ ചിലപ്പോൾ ഇരുവശവും തെളിയിക്കേണ്ട സന്ദർഭം നേരിടുന്നുണ്ട്. എന്നാൽ യഹൂദന്മാർ സാധാരണമായി സ്ത്രീയുടെ താവഴി എണ്ണാറില്ല. ആ സ്ഥിതിക്ക് ഒരു വംശാവലി നിരർത്ഥമാണെന്നു തോന്നിയേക്കാം. യഹൂദന്മാരുടെ സാധാരണ സമ്പ്രദായം അങ്ങിനെയായിരുന്നുവെങ്കിലും ചിലപ്പോൾ അതിനെ വ്യത്യാസപ്പെടുത്തിയതായും കാണുന്നുണ്ട്. 1 ദിന 2, 35-ൽ ഒരു വിവാഹസംഗതിയെപ്പറ്റി എഴുതിയിട്ടുള്ളതിൽ സ്ത്രീയുടെ താവഴിയെ യിസ്രായേലിനോടു സംഘടിപ്പിച്ചിട്ടുള്ളതായി കാണുന്നു. വീണ്ടും സംഖ്യ 27, 4-ൽ "സെലോഫഹാദിന്റെ" പേർ യിസ്രായേലിൽ നിലനിറുത്തപ്പെട്ടിരുന്നതു അവന്റെ പുത്രിമാർ മുഖേനയായിരുന്നു. ആ പുത്രിമാരോ മനശ്ശെഗോത്രത്തിലെ മററു കുഡുംബങ്ങളിലുള്ള പുരുഷന്മാരെ ഭർത്താക്കന്മാരായി വരിച്ചു. (സംഖ്യ 36, 10) യിസ്രായേലിന്റെ ചരിത്രത്തിൽ അതിപ്രധാനമായ സംഭവം മ്ശിഹായുടെ ജനനമത്രെ. അവനിൽ പരസ്പരവിരുദ്ധമെന്നു തോന്നപ്പെടുന്ന ദീർഘദർശനങ്ങൾ നിറവേറപ്പെടേണ്ടതുണ്ടായിരുന്നു. മുഖ്യമായി സ്ത്രീയുടെ സന്തതിയെന്നും, കന്യക ഗർഭിണിയായി എന്നുള്ളതും തന്നെ.

യൌസേഫ് യേശുക്രിസ്തുവിന്റെ പിതാവല്ലാതിരിക്കെ എന്തിനാണ് അവന്റെ വംശാവലി പറയുന്നതെന്ന് മററൊരു ചോദ്യം. അതിന്റെ ഉത്തരമോ: മുൻപ്രസ്താവിച്ചപോലെ യഹൂദന്മാർ സ്ത്രീയുടെ താവഴി സാധാരണമായി പറയാറില്ലെന്നുള്ളതിനും പുറമെ യഹൂദനിയമദൃഷ്ട്യാ യേശു യൌസേപ്പിന്റെ പുത്രനായിരുന്നു. വി: ലൂക്ക് എത്ര സൂക്ഷ്മത്തോടെ ആ കാര്യം പ്രസ്താവിച്ചിരിക്കുന്നുവെന്ന് നോക്കുക. "അവൻ യൌസേഫിന്റെ പുത്രനെന്ന് ജനം വിചാരിച്ചു." ആകയാൽ വി: മത്തായി കാണിച്ച വംശാവലി യൌസേഫിൽനിന്നുള്ള സ്വാഭാവികപിന്തുടർച്ചയെയല്ല, പിന്നെയോ, യേശുക്രിസ്തുവിന്റെ ശലമോൻവഴിക്കുള്ള രാജകീയ പിൻതുടർച്ചയെയത്രെ. വി: ലൂക്കോസോ: ആദാം, അബ്രഹാം, ദാവീദ്, നാഥാൻ എന്നവഴിക്ക് മറിയാമിൽനിന്നുള്ള സ്വാഭാവിക (natural) പിൻതുടർച്ചയെ കാണിക്കുന്നു. (ഇതിൽ ഭിന്നാഭിപ്രായക്കാരുണ്ട്) ജനിപ്പിച്ചുവെന്നുപയോഗിച്ചിരിക്കുന്ന പദം ജഡീക (carnal) അർത്ഥത്തിലല്ല. മത്താ: 1, 7-ൽ അബിയാവു ആസയെ ജനിപ്പിച്ചുവെന്ന് എഴുതിയിരിക്കുന്നു. എന്നാൽ 1 രാജ-15-ൽ 2 & 10 വാക്യങ്ങൾ വായിക്കുമ്പോൾ ആ രണ്ടു രാജാക്കന്മാരും ഏകോദരസഹോദരന്മാരെന്ന് തെളിയുന്നു. വീണ്ടും മത്താ: 1, 12-ൽ യെഖൊന്യാവു സല്ത്തിയേലിനെ ജനിപ്പിച്ചുവെന്നു കാ

ണ്ടു. എന്നാൽ യറമിയ ദീർഘദർശി അവന്നു സന്താനമില്ലെന്നു പറഞ്ഞിരിക്കുന്നു. (യറ: 22, 30) ആകയാൽ ജനിപ്പിച്ചുവെന്നെഴുതിയിട്ടുള്ളതു് പിൻതുടൎന്നു എന്ന ആശയത്തിലാണു്.

വി: മത്തായിയും, വി: ലൂക്കോസും എഴുതിയിരിക്കുന്ന രണ്ടു വംശാവലികളും അത്യാവശ്യമാണു്. വി: മത്തായി യഹൂദന്മാരെ ഉദ്ദേശിച്ചാണു് തന്റെ സുവിശേഷം എഴുതിയിട്ടുള്ളതു്. അതിനാൽ യേശുക്രിസ്തു ദാവീദിന്റെ സിംഹാസനത്തിന്റെ പിൻതുടൎച്ചാവകാശിയെന്നു് മുന്നമെ സ്ഥാപിക്കേണ്ടതു് അത്യാവശ്യമായിരുന്നു. വി: ലൂക്കോസ് എഴുതിയ വംശാവലിയിൽ മറിയാമിന്റെ വംശാവലിയാണു് കാണിച്ചിരിക്കുന്നതു്. (യൌസേഫിന്റെ വംശാവലി തന്നെയാണു് രണ്ടു സുവിശേഷകന്മാരും പറഞ്ഞിരിക്കുന്നതെന്നു് അഭിപ്രായമുള്ളവരും ഉണ്ടു്.) യഹൂദപ്രബന്ധങ്ങളിൽ (Jerusalem Talmno 2, 2. :Sanh 6, 7.) അവൾ ഏലിയുടെ മകൾ എന്നു് പറഞ്ഞിരിക്കുന്നു. ("Marium bath Eli") യൌസേഫും മറിയാമും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും പെട്ടവരായിരുന്നു. അവർ സഹോദരന്മാരുടെ പുത്രന്മാരുടെ സന്താനങ്ങളാണു്. മോശ ധൎമ്മം അനുസരിച്ചു് (സംഖ്യ 36-ൽ 6, 7, 8) യൌസേഫ് തന്റെ ഗോത്രത്തിൽപെട്ട മറിയാമിനെ വിവാഹം ചെയ്തു. സുവിശേഷം എഴുതിയ കാലത്തു് ജനനരജിസ്ട്രു് യരുശലേമിൽ സൂക്ഷിക്കപ്പെട്ടിരുന്നു. സുവിശേഷത്തിൽ കാണിച്ചിരിക്കുന്ന വംശാവലിക്കു് അന്നത്തെ റബ്ബിമാരോ, സിന്നഗോഗിലെ അംഗങ്ങളൊ യാതൊരു തൎക്കവും പറഞ്ഞിട്ടില്ലെന്നു മാത്രമല്ല അവയെ സമ്മതിക്കുകൂടെ ചെയ്തിരിക്കുന്നു. (B. Jebr 49 b) Ber Rab 98 Koh Raben V, 5.)

വി: മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നതുതന്നെ അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തു എന്നു് പറഞ്ഞുകൊണ്ടാണു്. അബ്രഹാമിന്റെ പുത്രനും ദാവീദിന്റെ പുത്രനും ആയ എന്നു തൎജ്ജിമ ചെയ്താലും തെറ്റില്ല. ദാവീദും അബ്രഹാമിന്റെ പുത്രൻ തന്നെ. എങ്കിലും മ്ശിഹാ അബ്രഹാമിന്റെ പുത്രനായി വരണമെന്നുള്ള വാഗ്ദത്തം നിവൃത്തിച്ചിരിക്കുന്നുവെന്നു് എബ്രായരെ പ്രത്യേകം ധരിപ്പിക്കുവാൻ വേണ്ടിയാണു് അബ്രഹാമിനെ എടുത്തു പറഞ്ഞിട്ടുള്ളതു്. അബ്രഹാമിന്റെ പുത്രനും ദാവീദിന്റെ പുത്രനുമായവനിൽ കൂടെയാണു് യിസ്രായേലിന്നു് സൎവ്വ അനുഗ്രഹങ്ങളും വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നതു്. അവനിൽ എല്ലാ പ്രവചനങ്ങളും നിവൃത്തിക്കപ്പെടുമെന്നു് യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നു. അന്നു് അബ്രഹാമിന്റെ സന്തതി വഴിയായി ഭൂമിയിലെ സകല വംശങ്ങൾക്കും അനുഗ്രഹം വാഗ്ദത്തം ചെയ്യപ്പെട്ടു. (ആദ്യ. 12, 3. 22, 18) ആ വാഗ്ദത്തം ക്രിസ്തുയേശുവിൽ നിവൃത്തിക്കപ്പെട്ടതായി കാണുന്നു. അവനിൽകൂടെ മാത്രമാണു് യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചുള്ള സാക്ഷാൽ അറിവു മനുഷ്യവൎഗ്ഗത്തിന്നു ലഭിച്ചിരിക്കുന്നതു് വി: ലൂക്കോസിന്റെ വംശാവലിയിൽ യേശുക്രിസ്തുവിനെ ആദ്യപിതാവായ ആദാമിനോടു് സംഘടിപ്പിച്ചിരിക്കുന്നു. ലൂക്കോസ് പുറജാതിയെ ഉദ്ദേശിച്ചായിരുന്നു സുവിശേഷം എഴുതിയതു്. അതുകൊണ്ടു് മനുഷ്യജാതിയുടെ ആരംഭത്തെ ചൂണ്ടിക്കാണിക്കുന്നു. രണ്ടാം ആദാമിനെ ഒന്നാം ആദാമിനോടു സംഘടിപ്പിക്കുന്നു. തന്മൂലം നമ്മെ നമ്മുടെ തോല്പികളോടും നഷ്ടങ്ങളോടുംകൂടെ ഏദെന്റെ പടിവാതില്ക്കലേയ്ക്കു ആനയിപ്പിക്കുന്നു. അവിടെവെച്ചു് ഒന്നാം ആദാമിൽ നഷ്ടപ്പെട്ട അനുഗ്രഹങ്ങൾ മനുഷ്യവൎഗ്ഗത്തിന്റെ സ്രഷ്ടാവും ര

ക്ഷിതാവും ആയ രണ്ടാമത്തെ ആദാം പ്രദാനം ചെയ്യുന്നു.

**വംശാവലിയിലുള്ള ചില അവ്യക്തസംഗതികൾ:-**

വി: മത്തായി, ശെലാതിയേൽ യൂഖാനിയോയുടെ പുത്രനാണെന്നും, വി: ലൂക്കോസ് അവൻ നേരിയുടെ പുത്രനാണെന്നും പറയുന്നു. ശെലാതിയേൽ സ്വാഭാവികപ്രകാരം യൂഖാനിയോയുടെയും ന്യായപ്രമാണപ്രകാരം നേരിയുടെയും പുത്രനെന്ന് മനസ്സിലാക്കണം. അപ്രകാരംതന്നെ യൌസേഫ്, യാക്കോബിന്റെ പുത്രനാണെന്ന് മത്തായിയും ഹേലിയുടെ മകനാണെന്ന് ലൂക്കോസും പറയുന്നു. യൌസേഫ് യാക്കോബിന്നു സ്വാഭാവികപുത്രനും ഹേലിക്ക് ന്യായപ്രമാണപുത്രനുമാണ്. ഇസഹാക്കിന്റെയും യാക്കോബിന്റെയും സഹോദരന്മാരുടെ പേർ പറയാതെ യഹൂദയെയും സഹോദരന്മാരെയും പറഞ്ഞത് ഇവർ യിസ്രായേലിൽ ചേർന്നവരും മററവർ യിസ്രായേലിനു പുറമെ ഗണിക്കപ്പെടുന്നവരും ആകയാലത്രെ. യഹൂദാഗോത്രത്തിൽനിന്ന് മ്ശിഹാ ജനിച്ചതിനാൽ യഹൂദയെ പ്രത്യേകം പറഞ്ഞിരിക്കുന്നു. കന്യകമറിയാമിനെ കൂടാതെ വംശാവലിയിൽ താമാർ, റാഹാബ്, രൂഥ് എന്നീ മൂന്ന് സ്ത്രീകളുടെ പേർകൊടുത്തിട്ടുണ്ട്. താമാർ അമ്മോന്യസ്ത്രീയും, രൂഥ് മോവാബ്യസ്ത്രീയും റാഹാബ് യരീഹോപട്ടണക്കാരിയും ആയിരുന്നു. അവർ യിസ്രായേലിൽ പെട്ടവരല്ല. താമാർ, റാഹാബ്, ബത്ശേബാ എന്നിവർ വേശ്യാസ്ത്രീകളായിരുന്നു. ഇങ്ങിനെ വേശ്യാദോഷക്കാരുടെയും പുറജാതിക്കാരുടെയും പേരുകൾ പ്രത്യേകം പറഞ്ഞിരിക്കുന്നത് യേശുക്രിസ്തു എല്ലാവിധ ദോഷികളേയും, എല്ലാ ജാതിക്കാരേയും രക്ഷിപ്പാനാണ് വന്നിരിക്കുന്നതെന്നു സൂചിപ്പിക്കുവാനാണ്. ബാബേൽ പ്രവാസം മുതൽ ക്രിസ്തുവിനോളം 14 തലമുറകൾ എന്നു പറഞ്ഞിരിക്കുന്നു. പ്രത്യക്ഷത്തിൽ 13 തലമുറകളുടെ പേർ മാത്രമെ കാണുന്നുള്ളു. യെഖൊന്യാവെ രണ്ടാമത്തെയും മൂന്നാമത്തെയും ലിസ്റ്റുകളിൽ ചേർക്കണം. കാരണം 11-ാംവാക്യത്തിൽ പറഞ്ഞിരിക്കുന്ന യെഖൊന്യാവും, 12-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന യെഖൊന്യാവും ഒരാളല്ല. ആദ്യം പറഞ്ഞ ആളുടെ മകനാണ് രണ്ടാമത്തെആൾ.

യോശിയ

ജോഏ്യകീം(മറുനാമം)ജെഖോനിയ(11-ാംവാക്യം

ജെഖോനിയ (12-ാംവാക്യം.

ആദാം മുതൽ അബ്രാഹാമിന്റെ പിതാവായ തേറഹ്‌വരെയുള്ള വംശമുറ വി: മത്തായിയും വി: ലൂക്കും ഒരുപോലെ പറഞ്ഞിരിക്കുന്നു. ദാവീദിന്റെ കാലം മുതലാണ് വ്യത്യാസം കാണുന്നത്. ദാവീദിന്റെ കാലം കഴിഞ്ഞിട്ട് പലെ തലമുറകൾ വിട്ടിട്ടുണ്ട്. അതിനാൽ 14 എന്നുള്ള സാക്ഷാൽ തലമുറകളുടെ എണ്ണം അല്ല, സുവിശേഷകൻ പറഞ്ഞിരിക്കുന്നവരുടെ എണ്ണം മാത്രമാകുന്നു. ഓരോ കാലയളവിൽ 14 പേരുകൾ പറയണമെന്നും സുവിശേഷകൻ കരുതിയതായിട്ടെ വിചാരിപ്പാനുള്ളു. വി: ലൂക്കോസിന്റെ സുവിശേഷത്തിൽ അബ്രാഹാം മുതൽ യേശുവരെ 42 തലമുറകളായിട്ടല്ല 56 തലമുറകളായിട്ടാണ് കാണിച്ചിരിക്കുന്നത്. കാലത്തെ സൂചിപ്പിക്കേണ്ടതിന്നു വി: മത്തായി അഹസ്യാവ്, യോവാശു, അമസ്യാവ്, യോയാക്കീം മുതലായ നാമങ്ങളെ വിട്ട് 42 തലമുറകളാക്കി സംക്ഷേപിച്ചെഴുതിയിരിക്കുന്നു.

Dr. K. V. Kakku, Udamalpet.

# മാർ പത്രോസ് പാത്രിയർക്കീസുബാവാ

(എം. പി. പത്രോസ് റമ്പാൻ ബി. എ., ബി. ഡി., എൽ. ടി.)

അന്ത്യോഖ്യായുടെ മൂന്നാമത്തെ പത്രോസ് ആയ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മെസൊപ്പൊത്തമിയായിലെ മൂസൽ പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹം ചെറുപ്പത്തിലെ വൈദികവേലയ്ക്കായി വിളിക്കപ്പെട്ടുഎങ്കിലും വേണ്ട വിദ്യാഭ്യാസം കിട്ടേണ്ടതിലേയ്ക്കു പട്ടണംതോറും പല സന്യാസാശ്രമങ്ങളിലും, പല മേലദ്ധ്യക്ഷന്മാരുടെ അടുക്കലും നടന്നു പ്രയാസപ്പെട്ടു് അഭ്യസിച്ചു. അങ്ങനെ പഠിത്തം തേടി നടക്കുന്ന വേളകളിൽ രാത്രി സഞ്ചാരങ്ങളിൽ വലയുകയും, മഞ്ഞും പനിയും ഏല്ക്കുകയും, കഠിനമായ മഞ്ഞു് ഏററു മലകളിലെ കാട്ടുവഴികളിൽ കിടന്നുറങ്ങുകയും ചെയ്തിട്ടുണ്ടു്. ഇത്രമേൽ പ്രയാസപ്പെട്ടു് പഠിച്ചുകയറി യൂലിയോസ് എന്ന നാമധേയത്തിൽ രണ്ടാം ഏലിയാസ് പാത്രിയർക്കീസുബാവയാൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ദമസ്കോസ് ഉൾപ്പെട്ട ഹോംസ് ഇടവകയെ 24 വർഷം ഭരിച്ചു. ആ സമയം ചുരുങ്ങിയ കൂട്ടമായ ക്രിസ്ത്യാനികൾക്കു മുഹമ്മദീയരിൽനിന്നുണ്ടായ ഉപദ്രവങ്ങൾ തുലോം കഠിനമായിരുന്നു. എന്നിട്ടും തന്റെ ഇടവകക്കാരെ താൻ മഹാശുഷ്കാന്തിയോടെ സൂക്ഷിച്ചുഭരിച്ചു. കുർദ്ദുസ്ഥാനിൽ ഒരു പാവപ്പെട്ട വിധവയെ നഗരവാസികൾകൂടി മഹമ്മദു മതത്തിൽ ചേർപ്പാൻ ഭാവിച്ചതറിഞ്ഞു് അന്യസഹായം ഒന്നും കൂടാതെ താൻതന്നെ രക്ഷിക്കയും തുർക്കിന്യായാധിപന്മാരോടു വാദിച്ചു ജയിക്കയും ചെയ്ത വിഷമതയെപ്പററി താൻതന്നെ പറഞ്ഞിട്ടുണ്ടു്. ഈ ഉപദ്രവകാലത്തുതന്നെ തന്റെ സ്വന്തകുപ്പായം ഊരി അക്രമപ്രധാനിയായ ഒരു മഹമ്മദീയനു കൊടുത്തു് തന്റെയും തന്റെകൂട്ടുക്രിസ്ത്യാനികളുടേയും ജീവനെ രക്ഷിച്ചു.

1872 മിഥുനം 4-ാം തിയ്യതി താൻ അന്ത്യോഖ്യായുടെ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. തന്റെ 74-ാം വയസ്സിൽ ഊർശ്ലേം ബിഷോപ്പിനോടും, ഹോംസ് നാട്ടുകാരനായ യൗസേപ്പു ശെമ്മാശനോടും കൽദായക്കാരുടെ ഊരിൽ പാർക്കുന്ന ഒരു അർമ്മേനിയോടുംകൂടി ഇംഗ്ലണ്ടിൽ പോയി, പല പ്രധാന മന്ത്രിമാരേയും ഉദ്യോഗസ്ഥന്മാരേയും കണ്ടു് അവരുടെ പ്രീതിയും ബഹുമതിയും സമ്പാദിച്ചു. അവിടെച്ചു തന്റെ വിശ്വാസസംഗതികളെ തെളിയിച്ചുകാണിച്ചു. വേദപുസ്തകം തങ്ങളുടെ ഇടവകകളിൽ സ്വാതന്ത്ര്യമായി ഘോഷിക്കപ്പെടണമെന്നുള്ള അഭിവാഞ്ഛ തനിക്കും സഭക്കാർക്കും നന്നായി ഉണ്ടെന്നുകാണിച്ചു. തനിക്കു വേദപുസ്തകം ശിക്ഷയായി അറിവുണ്ടു്. വേദപുസ്തകത്തിൽനിന്നുള്ള ആധാരങ്ങളും ഉപമകളും കൂടാതെ തനിക്കു ഒരു സംഭാഷണവും ഒരിക്കലും ഇല്ല. തന്റെ ഇടവകകളിലെ അറിവില്ലായ്മ നീങ്ങിക്കിട്ടേണ്ട വകക്കു തനിക്കു വേദപുസ്തകങ്ങളും മസുമൂറകളും അച്ചടിച്ചു കിട്ടണമെന്നും, ആൺപൈതങ്ങൾക്കും പെൺപൈതങ്ങൾക്കും പള്ളിക്കൂടങ്ങളും സിമ്മനാരികളും പണിയിക്കുന്നതിലേയ്ക്കും അച്ചടിയന്ത്രങ്ങൾക്കും ദ്രവ്യസഹായം കിട്ടണമെന്നും ബാവാ ഇംഗ്ലീഷുജാതിയോടു് അപേക്ഷിച്ചു. ഈ അപേക്ഷയെ കാന്തർബറി ആർച്ച് ബിഷോപ്പും ലണ്ടൻ ബിഷോപ്പും ഒരു കമ്മട്ടിക്കാരെ ഏർപ്പെടുത്തി ധർമ്മശേഖരം ഉണ്ടാക്കി പാത്രിയർക്കീസു ബാവായെ

സഹായിച്ചു. അപ്പസ്തോലന്മാർ സ്ഥാപിച്ച പൂർവ്വിക പുറജാതിസഭ അന്ത്യോഖ്യാസഭയാണെന്നും, ഇഗ്നാത്തിയോസ്, യൂസേബിയോസ്, ക്രിസോസ്തം, അപ്രേം മുതലായവർ ആ സഭയുടെ പിതാക്കന്മാരാണെന്നും, ഇവർക്ക് ഒരിക്കൽ ഭാരമേല്പിക്കപ്പെട്ട ഉപദേശത്തെ ഉപദ്രവങ്ങളോടും പീഡകളോടും കൂടിയത്രെ പാവപ്പെട്ട സുറിയാനിക്കാർ വിശ്വസിച്ചു പോരുന്നതെന്നും ഓർക്കേണ്ടതാണ്. അവർക്ക് പള്ളിക്കൂടങ്ങളും അച്ചടിപുസ്തകങ്ങളും ഇല്ലാഞ്ഞിട്ടും മാർഗ്ഗത്തെപ്രതി ഇപ്പോഴും റോമാമതത്തോടു ധീരതയോടെ പോരാടുകയും ക്രിസ്തു സ്നേഹത്താൽ നിർബ്ബന്ധിക്കപ്പെടുകയും ചെയ്യുന്നവർ ഉണ്ടെന്നുള്ളതിന് ഈ ബാവാതന്നെ ഒരു സാക്ഷിയാകുന്നു.

ബാവാ ഇംഗ്ലണ്ടിൽവച്ചു ഒരിക്കൽ വൈകുന്നേരം കൊളുത്തിക്കൊണ്ടുവന്ന വിളക്കുകാണിച്ചുംകൊണ്ടു സംഭാഷിച്ചുകൊണ്ടിരുന്നപ്പോൾ ഇരുട്ടുള്ള മുറിയിൽ ഇരിക്കുന്നവർക്ക് വെളിച്ചത്തിന് അപേക്ഷയുള്ളതുപോലെ വേദപുസ്തകത്തിന്റെ ആവശ്യവും തന്റെ സഭക്കാർക്കുണ്ടെന്നു പറകയുണ്ടായി.

ബാവാ ഇംഗ്ലണ്ടിൽനിന്നു തിരിച്ച് അന്ത്യോഖ്യായിൽ വന്നുംവച്ചു മലങ്കരയ്ക്കു യാത്രയായി. 1875 മീനത്തിൽ മദ്രാസിൽ എത്തി ഗവർണർസായ്പിനെകണ്ടു തിരുവിതാംകോട്ടയ്ക്കു തിരിച്ചു തിരുവനന്തപുരത്തുചെന്നു മഹാരാജാവുമായി കൂടിക്കാഴ്ച കഴിഞ്ഞു. കർക്കടകത്തിൽ പുലിക്കോട്ടു മാർദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു സഹായമായി അഞ്ചു മെത്രാപ്പോലീത്തന്മാരെ വാഴിക്കയും മുളന്തുരുത്തിപ്പള്ളിയിൽ യോഗംകൂടി അസോസിയേഷൻ കമ്മട്ടി ഏർപ്പെടുത്തുകയും ചെയ്തശേഷം 1877-ൽ സ്വദേശത്തേയ്ക്കു യാത്രയായി. കാഴ്ചക്കു അധികം വയസ്സനെന്നും ക്ഷീണനെന്നും; യാത്രകളുടെ അധികത്വംകൊണ്ടും തന്റെ ആയുസ്സിലെ കഷ്ടതകളും ബുദ്ധിമുട്ടുകളും കൊണ്ടും തോന്നിപ്പോകും. അന്ത്യോഖ്യായിൽ എത്തി തന്റെ സഭകളെ 94-ാം വയസ്സുവരെ ഭരിച്ചശേഷം മരിക്കയും ചെയ്തു. തന്റെ ദേഹവിയോഗസംഗതി 1894 കന്നി 12 വ്യാഴാഴ്ച 12മണിക്കു ഡയർബക്കർ പട്ടണത്തിൽനിന്നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായാൽ അയക്കപ്പെട്ട കമ്പിവർത്തമാനംമൂലം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു അറിവുകിട്ടി.

---

For Favoures Received



Inserted by:
P. E. David. M. A. L. T.
Kunnamkulam.

# മഗ്ദലന മറിയം

(ഖണ്ഡനം)

Rev. Fr. Philip Pallichira

പൌരസ്ത്യപ്രസുവിശേഷസമാജം സിക്രട്ടറി

മഗ്ദലനമറിയം ലാസറിന്റെ സഹോദരിയല്ല എന്ന തലക്കെട്ടിൽ 4-ാം ലക്കത്തിൽ പേരുവെച്ചും വയ്ക്കാതേയും ഒളിച്ചുകളിക്കുന്ന ഒരു ലേഖനം ഞാൻ വായിച്ചു. അതിന്നു ഒരു മറുപടി എഴുതേണ്ടതു് എന്റെ ചുമതലയാണെന്നു മനസ്സിലായതുകൊണ്ടു മാത്രം ഇതെഴുതുന്നതാണ്.

അതിൽ പറയുന്നതുപോലെ ഞാനും ബ. മററാരു വൈദികനുമായി യാതൊരു വാദപ്രതിവാദവും നടന്നിട്ടില്ല. എന്റെ അദ്ധ്യക്ഷതയിൽ അദ്ധ്യാപകയോഗത്തിൽ പ്രഭാതസമ്മേളനം അരംഭിച്ചു. അന്നത്തെ പ്രോഗ്രാമിൽ ഒന്നു് പുല്യാട്ട് തുകലൻ മി. പത്രോസിന്റെ 6-ാംക്ലാസ്സിയ്ക്കുള്ള ഒരു മാതൃകാക്ലാസ്സായിരുന്നു. അദ്ദേഹം തിരഞ്ഞെടുത്തതു് ശ്രീയേശു രണ്ടാംഭാഗം 35-മുതൽ 49-വരെയുള്ള പുറങ്ങളിൽനിന്നു "നമ്മുടെ കർത്താവിന്റെ 'പരസ്യജീവിതം" എന്ന വിഷയമായിരുന്നു. പാഠത്തിന്റെ അവസാനഭാഗത്തിൽ മി. പത്രോസ്സ് "ക്രിസ്തു ബഥാന്യയിൽ ലാസറിന്റെ ഭവനത്തിൽപോയി വിശ്രമിക്കുന്നതും, മറിയയും മററുമായുള്ള ബന്ധങ്ങളും പഠിപ്പിച്ചു. പിതാക്കന്മാർ രണ്ടു് അഭിപ്രായക്കാർ ഉണ്ടെന്നും, ഈ മറിയ തന്നെയായിരുന്നു പാപിനിയായിരുന്ന മഗ്ദലനമറിയം എന്നും. അല്ല, അവർ രണ്ടും രണ്ടു സ്ത്രീകളാണെന്നു് മററു പിതാക്കന്മാരും പറയുന്നുണ്ടു് എന്നും. ശ്രീയേശു മൂന്നാം ഭാഗം രണ്ടാംപേജിൽ 8-ാംവരിയിൽ ഈ മഗ്ദലനമറിയവും, ലാസറിന്റെ സഹോദരി മറിയവും, രണ്ടും ഒന്നാണെന്നു ഊഹിപ്പാൻ ന്യായമുണ്ടു് എന്നും, എഴുതിയിട്ടുള്ളതിനാൽ ഇവർ രണ്ടും ഒരാളാണെന്നു് മി. പത്രോസ്സ് പഠിപ്പിക്കുകയും, ക്ലാസ്സും അവസാനിപ്പിച്ചു് വിടുകയും ചെയ്തു. ഒരു അദ്ധ്യക്ഷന്റെ കർത്തവ്യമാണല്ലോ ഉപസംഹാരം. അതിൽ പ്രോഗ്രാമിലെ വിവിധ വിഷയങ്ങളെ ചർച്ചചെയ്തശേഷം മാതൃക ക്ലാസ്സിനെപ്പററി എന്റെ അഭിപ്രായം ഞാൻ രേഖപ്പെടുത്തി. ഒന്നുരണ്ടു് അദ്ധ്യാപകന്മാർ അതേപ്പററി സവിസ്തരം പറയണമെന്നു് ആവശ്യപ്പെട്ടതിനാൽ ഏകദേശം 3 മണിക്കൂർ നീണ്ടുനിന്ന എന്റെ പ്രസംഗത്തിന്റെ ചുരുക്കം താഴെ ചേർക്കുന്നു.

ഈ പ്രസംഗത്തിന്റെ ചുരുക്കം വായിക്കുമ്പോൾ എന്റെ സ്നേഹിതന്മാരായി മലങ്കരക്രിസ്ത്യൻ വരിക്കാരും മററുവായനക്കാരായ നിങ്ങൾക്ക് മാന്യലേഖകനായ മി. എ. എം. എം ന്റെ യോഗ്യതാ യോഗ്യതകൾ മനസ്സിലാകുമെന്നുള്ളതുകൊണ്ടു് അദ്ദേഹം കൊടുത്തിരിക്കുന്ന എന്നെപ്പററിയുള്ള അഭിപ്രായങ്ങളും ഉപകഥയും നീതിയും വായനക്കാർതന്നെ വിധിക്കട്ടെ. എന്നാലും ഒരു വാക്കുകൂടി രേഖപ്പെടുത്തികൊണ്ടു് വിഷയത്തിലേയ്ക്കു് പ്രവേശിക്കുന്നു. കുറുക്കൻ മുന്തിരിങ്ങായ്ക്കു് ചാടി കിട്ടാതെ വന്നപ്പോൾ പുളിക്കും എന്നു പറഞ്ഞു് തൽപ്രവൃത്തിയിൽനിന്നും മടങ്ങിയതുപോലെ അവനവന്റെ കഴിവും വിദ്യാഭ്യാസവും സംസ്കാരവും വച്ചുകൊണ്ടു് വൈദികരേയും വേദ പുസ്തകത്തേയും ഇഷ്ടംപോലെ

വ്യാഖ്യാനിക്കുകയും "വിശ്വാസസംഹിത" എന്തെന്നറിയാതെ തന്നേക്കാൾ വലിയവൻ ആരുമില്ല എന്ന ഭാവത്തിൽ മഗ്ദലനക്കാരത്തിമറിയം ആരായാലും ഒന്നല്ല, രണ്ടാണ് എന്നു പറയുന്നതും വിശ്വസിക്കുന്നതും, സഭാ വിശ്വാസം എന്നു ധരിച്ചിരിക്കുന്ന ഒരു മാന്യനാണ് പ്രസ്തുത ലേഖകൻ. തൃപ്പൂണിത്തുറ പള്ളിഭരണം നടത്തിയിട്ടുള്ള എന്റെ മാന്യവൈദികർക്ക് അറിയാം ഈ മാന്യലേഖകന്റെ ഈവിധമായ കൂട്ടുകെട്ടുകൾ സഭയെ അനുസരിക്കാതെ സ്വാത്മലാഭത്തിനുവേണ്ടി പള്ളിയിൽ കക്ഷികളും വിപ്ലവങ്ങളും സൃഷ്ടിക്കുന്നതിനു പള്ളിഭരണത്തിന് വന്നിട്ടും മുന്തിരിങ്ങായ്ക്ക് ചാടിയ കുറുക്കനെപ്പോലെ ഭഗ്നാശയനായി പിന്തിരിഞ്ഞ ഒരു അഭിമാന്യ ലേഖകനാണ് അഥവാ വൈദികരെ ഒളിവിൽനിന്ന് അപമാനിക്കാൻ തുനിഞ്ഞു ഇറങ്ങിയിരിക്കുന്ന ഒരു പ്രമുഖവ്യക്തി എന്ന് സ്വയം അഭിമാനിക്കുന്ന പുമാനാണ് "മഗ്ദലനമറിയം ലാസറിന്റെ സഹോദരിയല്ല" എന്ന ലേഖനം ഒരു എ. എം. എം. പേർകൊടുത്തു എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന് ഈ മലങ്കരക്രിസ്ത്യൻവഴി അതിനുള്ള മറുപടിയും പറഞ്ഞുകൊള്ളുന്നു.

എന്റെ ഉപസംഹാരപ്രസംഗം ഇപ്രകാരമായിരുന്നു.

ഇത് പരിശുദ്ധസഭയുടെ ഒരു വിശ്വാസമല്ല. രക്ഷയ്ക്ക് ആവശ്യമായ ഒരു ദിവ്യരഹസ്യവുമല്ല. മഗ്ദനമറിയവും ലാസറിന്റെ സഹോദരിയും രണ്ടായിരുന്നാലും ഒന്നായിരുന്നാലും അവരെ ക്രിസ്തുനാഥൻ സ്നേഹിച്ചിരുന്നു. താൻ അവർക്ക് പാപമോചനം കൊടുത്തിരുന്നു മഗ്ദലനിയിൽനിന്നും താൻ ഏഴുഭൂതങ്ങളെ പുറത്താക്കിയശേഷം അവൾ തന്നോടുകൂടി മററു സ്ത്രീജനങ്ങളുടെ കൂട്ടത്തിൽ തനിക്ക് ശുശ്രൂഷചെയ്തുകൊണ്ടിരുന്നു. Vide. ലൂക്കോ. 8: 1—3വരെ.

ഇന്നത്തെ ക്ലാസ്സിൽ മി. പത്രോസ്സ് പഠിപ്പിച്ചതു ശരിയാണെന്നാണ് എന്റെ അഭിപ്രായം. മഗ്ദലനമറിയവും ലാസറിന്റെ സഹോദരിയും ഒന്നാണെന്നുള്ളതിന് ഞാൻ ചില ന്യായങ്ങൾ പറയാം. എന്നാൽ പരിശുദ്ധസഭയിൽ പിതാക്കന്മാർ ഇതിന് മൂന്ന് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. (a) "മഗ്ദലനമറിയം 7 ഭൂതങ്ങളാൽ ബാധിതയായിരുന്നു. (Vide. മർക്കോ 16: 9.) അവളെ ഭൂതങ്ങളിൽനിന്നും രക്ഷിച്ച് നിത്യരക്ഷയിലേയ്ക്ക് വഴി നടത്തി. അവൾക്ക് താൻ ആദ്യമായി ഉയിർത്തെഴുന്നേററപ്പോൾ പ്രത്യക്ഷമായി പാപിനിയായ യോഹ. 20-1-18 വരെ. മറിയം നയിൻപട്ടണക്കാരിയായിരുന്നു. അവളെ പരീശപ്രമാണിയായ ശീമോന്റെ ഭവനത്തിൽവച്ച് ആത്മനാഥൻ പാപമോചനം കൊടുത്തു സ്വീകരിച്ചു. അന്ന് മുതൽ ഗലീലയിലെ മററു സ്ത്രീകളോടും വിശിഷ്യ കർത്താവിന്റെ അമ്മയോടും മഗ്ദലനക്കാരത്തി മറിയാമ്മിനോടുംകൂടി പാപമോചനാനന്തരം ജീവിച്ചുഎന്നും എന്നാൽ വി. മത്തായി 28. 1. വാക്യത്തിൽ മഗ്ദലനമറിവും മററെമറിയവും (അതായതു പാപിനിയായിരുന്ന നയിൻ പട്ടണത്തിലെ മറിയം Vide. ലൂക്കൊ. 7. 37.) ശാബത്തിൽ കല്ലറ കാണ്മാൻ പോയ വിവരവും രേഖപ്പെടുത്തുന്നുണ്ട്" എന്നും c "ലാസറിന്റെ സഹോദരിയായ മറിയം ആദ്യകാലം മുതൽ ഒരു ഭക്തയും ക്രിസ്തുനാഥനെ അധികം സ്നേഹിച്ചിരുന്ന ഒരു സ്ത്രീയും ബഥാന്യഗ്രാമവാസിയും" എന്നും d ചില പിതാക്കന്മാർ ഈ മൂന്നു വിധത്തിൽ പറഞ്ഞിരിക്കുന്ന സ്ത്രീകൾ മഗ്ദലനമറിയം പാപിനിയായ സ്ത്രീമറിയം-ലാസറിന്റെ സഹോദരി മറിയം എന്ന് നാം കാണുന്ന ആളുകൾ മൂന്നും ഒന്നാണെന്നും വിശുദ്ധ സുവിശേഷങ്ങൾ സമഗ്രമായി, തുടർച്ചയായി പഠിക്കുന്നപക്ഷം തെളിയുമെന്നും പറയുന്നു.

ഈ പിതാക്കന്മാരുടെ അഭിപ്രായം പാപിനിയായ മറിയ മഗ്ദലന ലാസറിന്റെ സഹോദരി എന്നാണ്." എന്നാൽ ഇവയൊന്നും നിത്യരക്ഷക്ക് ആവശ്യമുള്ളതല്ലെങ്കിലും (സിയിൽ) അവസാനമായി പിതാക്കന്മാർ രേഖപ്പെടുത്തിയതിനോടാണ് ഞാൻ യോജിക്കുന്നത് എന്ന് പ്രസ്താവിച്ചു. അതിനുള്ള ന്യായങ്ങൾ താഴെ ചേർക്കുന്നു.

(തുടരും)

# നോട്ടീസ്സ്

പരുമലകാലംചെയ്ത മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ മദ്ധ്യസ്ഥംമൂലം പലക്കും പലവിധ അനുഗ്രഹങ്ങളും സിദ്ധിക്കുന്നതിൻെറ ഉപകാരസ്മരണയായി തിരുമനസ്സിലെ ബ്ലോക്ക് ഈ മാസികയിൽ ചേക്കുന്നതിന്നു നിങ്ങറം 3രൂപ സംഭാവന അയച്ചുതന്നാൽ മാത്രം മതിയാകുന്നതാണ്. (മാനേജർ)

## മലങ്കരക്രിസ്ത്യൻ വിജ്ഞാപനം.

### വിരിസംഖ്യ മുൻകൂർ

ഒരാണ്ടത്തേക്ക് 3—0—0, ആറുമാസത്തേക്ക് 1—8—0, ഒററപ്രതി 4ണ

വരിസംഖ്യ "മാനേജർ, മലങ്കരക്രിസ്ത്യൻ ചേലക്കര" എന്ന വിലാസത്തിൽ അയക്കുക.

സുവിശേഷപരമായും സമുഹ്യവുമായ ലേഖനങ്ങറം, സാന്മാർഗ്ഗികമായ 'ചെറുകഥകറം' പദ്യങ്ങറം മുതലായവ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങറം പത്രാധിപർ, മലങ്കരക്രിസ്ത്യൻ, ചേലക്കര. എന്ന വിലാസത്തിൽ അയക്കേതാണ്.

## നവീനക്രിസ്തീയഗാനങ്ങറം

ഇന്നത്തെ പുതിയ രീതയിൽ എഴുതപ്പെട്ട മനോഹര ഗീതങ്ങറം കുറച്ചു പ്രതികറം മാത്രം ബാക്കിയുണ്ട്. ഉടൻ അപേക്ഷിക്കുക വല 4ണ. മാത്രം. ഒററ പ്രതിക്കു 4½ണയുടെ സ്റ്റാമ്പ് അയക്കുക. പത്തിന്നു 2 കമ്മീഷൻ.

റവ. ഫാദർ. വർഗ്ഗീസ് വി.
ചെമ്മണ്ണൂർ, ചേലക്കര.

## സൌജന്യം

ഇംഗ്ലീഷ് ലഘുലേഖകറം. തപാൽ ചിലവിന്നു സ്റ്റാമ്പ് അയക്കുക.

പത്രാധിപർ.

---

പേക്ഷിതമായിട്ടുള്ളതു്. 'വിശ്വാസവീരൻ' എന്നു് ഈ പുസ്തകത്തിന്നു പേർകൊടുത്തതു് അന്വർത്ഥമായാണ്ന്തന്നെ. നല്ല ഭാഷയിൽ ഏതൊരുവനും ഗ്രഹിക്കത്തക്കവിധത്തിൽ ലളിതമായി ഈ പുസ്തകം രചിച്ച ശ്രീ, പി. കെ. ദാനിയേലിൻെറ ധാരാളം കൃതികറം ക്രൈസ്തവലോകത്തിന്നു് ഇനിയും ലഭിപ്പാൻ ഇടവരട്ടെ.

പുസ്തകത്തിൻെറ വില എന്താണെന്നു കാണുന്നില്ല. ജാതിമതഭേദമെന്യേ ഈ പുസ്തകം വായിക്കുവാൻ വിരോധമില്ലാത്തതാകുന്നു. പേജ് 4-ൽ എഴുവായ. ലേഖനം 14-ാം അദ്ധ്യായം എന്നതു് തെററാണ്.

### അഭിപ്രായത്തിന്നു കിട്ടിയ പുസ്തകങ്ങറം:

1. മഹൽചോദ്യങ്ങറം. വില. ചക്രം 3
2. ദൃഷ്ടാന്തകഥകറം. വില. അണ 4.
3. അച്ചാച്ചൻെറ കത്തുകറം. വില. അണ 6.
4. ധ്യാനാനന്ദം. വില. രൂപ. 1

ഗ്രന്ഥകത്താവ്. റവ, ഫാദർ. കെ. ററി. ചാക്കുണ്ണി.
യം. ററി. ചർച്ച് പഴഞ്ഞി.

5. തിത്തൂസ് മാത്തോമ്മ മഹാചരിതം. വില. 8ണ.
ഗ്രന്ഥകത്താ: ഷെർസകവി മൂലൂർ
എസ്. പത്മനാഭ പണിക്കർ

പഴഞ്ഞി

# അഗതിമന്ദിരം

യെരുശലേം അങ്ങാടിയുടെ തെക്കുവശത്ത് അഗതിമന്ദിരം പണിയുവാൻ ഒരു സ്ഥലം വാങ്ങിയിരിക്കുന്നു. കെട്ടിടപ്പണി അടുത്തുതന്നെ ആരംഭിക്കുന്നതാണ്.

Fr. K. C. Varghese

കുന്നംകുളത്തും

# സ്ലീബാദാസന്മാർ

ഈ മിഷ്യനറി സമൂഹത്തിൻെറ 26-ാം വാഷികോത്സവം അടുത്ത കന്നി 11-ാംനു- കുന്നംകുളത്തുവെച്ചു മോറൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടുന്നതാണ്. മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലിത്താ തിരുമനസ്സുകൊണ്ടു്, വി. സി. ഗീവറുഗ്ഗീസ് കത്തനാർ, മുൻ ഇന്ത്യൻമന്ത്രി ഡോക്ടർ ജോൺമത്തായി, മിസസ് ജോൺ മത്തായി, റാവുസാഹിബ് ഡോക്ടർ ചീരൻ വറുഗീസ്, റിട്ടയർഡ് ഹൈകോട്ടു ജഡ്ജി, കടവിൽ പൌലോസ്, സി. ജെ. മാത്യു തരകൻ എന്നിവർ പ്രസംഗിക്കുന്നതും ഒരു വമ്പിച്ച ഘോഷയാത്ര ഉണ്ടായിരിക്കുന്നതുമാണ്.

*Edited and Printed by Rev: Fr: Varghese V. Chemannur at the Arunodayam Press, Wadakanchery and Published by him at Chelakara.*